ന്യൂസ് ലെറ്റർ

# നവകേരളം വാർത്ത

2025 മാർച്ച് വാല്യം 2

ഓൺലൈൻ വായനയ്ക്ക്


50-ാം പതിപ്പ്

ഹരിതകേരളം മിഷൻ

## പരിസ്ഥിതി സംഗമം

2025 മാർച്ച് 24,25 തിരുവനന്തപുരം



- സാധ്യമാണ് മാലിന്യമുക്ത കേരളം : മുഖ്യമന്ത്രി പിണറായി വിജയൻ
- മാലിന്യമുക്തം നവകേരളം ലക്ഷ്യത്തിലേക്ക് : മന്ത്രി എം.ബി. രാജേഷ്
- കേരളനൈപുണ്യ വികസനത്തിലേക്ക് ഓസ്ട്രേലിയൻ മാതൃക
- 1522 ആരോഗ്യ കേന്ദ്രങ്ങളിൽ ക്യാൻസർ സ്ക്രീനിംഗിന് സംവിധാനം
- ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യം
- ഹരിത കർമസേന : മാലിന്യ ശേഖരണത്തിലെ ഹരിത വിപ്ലവം

**എഡിറ്റോറിയൽ**

## വികസന മുന്നേറ്റത്തിന് ജലമേഖലയുടെ പിന്തുണ



ഹരിതഗൃഹവാതകങ്ങളുടെ സ്വാധീനവും കാലാവസ്ഥ വ്യതിയാനവും അന്തരീക്ഷ ഊഷ്മാവ് ഉയരുന്നതും ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയാവുകയാണ്. ഭൂമിയിലെ ചെറിയ ഒരു ആവാസവ്യവസ്ഥ തകർന്നാൽ പോലും അത് ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. പരിസ്ഥിതിയുടെ സ്വാഭാവിക ആവാസവ്യവസ്ഥ തകരുമ്പോൾ നമ്മുടെ തനത് വിഭവങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. അതിനാൽ ഇത്തരം സൂക്ഷ്മാംശങ്ങൾ പോലും ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. കാരണം പരിസ്ഥിതി പുനസ്ഥാപനം കേരളത്തിന്റെ മുൻഗണനാ മേഖലയാണ്.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ, പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കിയുള്ള പച്ചത്തുരുത്തുകൾ, ഇനി ഞാൻ ഒഴുകട്ടെ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യ പരിപാലന രംഗത്തെ നൂതന പ്രവർത്തനങ്ങൾ തുടങ്ങി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും നേരിട്ടും നടന്നുവരുന്ന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ സംസ്ഥാനത്ത് ഇപ്പോൾ പ്രകടമാണ്. ഇത്തരം പ്രവർത്തനങ്ങളിൽ മികച്ചതും മാതൃകാപരവുമായവ ഉൾപ്പെടുത്തിയാണ് ഹരിതകേരളം മിഷൻ തിരുവനന്തപുരത്ത് പരിസ്ഥിതി സംഗമം സംഘടിപ്പിക്കുന്നത്.

പരിസ്ഥിതി പുനസ്ഥാപനത്തിൽ ജലമേഖലയുടെ പങ്ക് നിർണായകമാണ്. ടൂറിസം, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം തീർത്ഥാടനം, വ്യവസായം തുടങ്ങിയ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കൊപ്പം ജലത്തിന്റെ ആവശ്യവും കേരളത്തിൽ വർദ്ധിക്കുകയാണ്. സംസ്ഥാനത്ത് 2031 ൽ 47800 ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. ജലലഭ്യത കുറയുന്നത് പരിസ്ഥിതി മേഖലയെയും ദുർബല ജന വിഭാഗങ്ങളെയുമാണ് ബാധിക്കുന്നത്. ഈ സ്ഥിതി മുന്നിൽക്കണ്ട് കേരളത്തിന്റെ വികസന മുന്നേറ്റത്തിന് ജല മേഖലയുടെ പിന്തുണ ഉറപ്പാക്കുന്ന സമീപന രേഖ ഹരിതകേരളം മിഷൻ മുന്നോട്ടു വയ്ക്കുകയാണ്. ജല സംരക്ഷണം, ജല വിഭവ പരിപാലനം, ജല സ്രോതസ്സുകളുടെ വീണ്ടെടുക്കൽ, ഭാവിയിലേക്ക് ആവശ്യമായി വരുന്ന നയപരമായ തീരുമാനങ്ങൾ തുടങ്ങിയവ ഈ സമീപന രേഖയിലെ സുപ്രധാന വിഷയങ്ങളാണ്. ആധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള ജലവിഭവ പരിപാലനം പ്രതിപാദിക്കുന്ന ഈ രേഖ നവകേരള സൃഷ്ടിയിലെ സുപ്രധാന ഘടകമായി വർത്തിക്കും.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ,
നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ,
ഹരിതകേരളം മിഷൻ

### ഹരിതകേരളം മിഷൻ

# പരിസ്ഥിതി സംഗമം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2025 മാർച്ച് 24, 25 തീയതികളിൽ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ വെച്ച് സംഘടിപ്പിക്കുന്ന പരിസ്ഥിതി സംഗമം സംസ്ഥാനത്ത് നടപ്പിലാക്കിയ മികച്ച പാരിസ്ഥിതിക ഇടപെടലുകളുടെ സംഗമവേദിയായി മാറി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും സമയബന്ധിതമായ ഏകോപനവും സാങ്കേതിക സാമ്പത്തിക പിന്തുണയും ഉറപ്പാക്കിയാണ് കേരളത്തിന്റെ പാരിസ്ഥിതിക സംരക്ഷണ മേഖലയിൽ വലിയ മുന്നേറ്റം നടത്താനായത്.

ജലസുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കി. 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' ക്യാമ്പയിനിലൂടെ പ്രദേശത്തെ നീർച്ചാലുകളുടെ മാപ്പിംഗ് പൂർത്തീകരിച്ച് അവയുടെ വീണ്ടെടുപ്പിന് തുടക്കം കുറിച്ചു. നീർച്ചാലുകളുടെ വീണ്ടെടുപ്പിൽ മികച്ച നേട്ടം കൈവരിക്കാൻ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിനും സാധിച്ചു. ജലഗുണനിലവാര പ്രാഥമിക പരിശോധനയ്ക്കായി വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിച്ച പരിശോധന ലാബുകൾ രാജ്യത്തിന് തന്നെ മാതൃകയാണ്. സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ 'നെറ്റ് സീറോ കാർബൺ കേരളം' കൈവരിക്കുന്നതിന് ശാസ്ത്രീയമായ മാർഗ്ഗരേഖയുടെയും മൊബൈൽ ആപ്ലിക്കേഷന്റെയും സഹായത്തോടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 'മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിതടൂറിസം കേന്ദ്രങ്ങൾ, ഹരിതസുന്ദര ടൗണുകൾ, ഹരിതസ്ഥാപനങ്ങൾ, ഹരിതവിദ്യാലയങ്ങൾ ഹരിതകലാലയങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ തുടങ്ങി സംസ്ഥാനം ഒട്ടാകെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അനവധിയാണ്.

ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ പാരിസ്ഥിതിക മേഖലയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയ മികച്ച പരിപാടികൾ പരിസ്ഥിതി സംഗമത്തിൽ അവതരിപ്പിക്കപ്പെട്ടു. ജനകീയ പങ്കാളിത്തത്തോടെ നടത്തിയ മികച്ച പാരിസ്ഥിതിക ഇടപെടലുകൾക്ക് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങിയവരെ ആദരിക്കുകയും അവരുമായി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംവദിക്കുന്നതിനുള്ള അവസരം ഒരുക്കുകയുമാണ് പരിസ്ഥിതി സംഗമം.

പരിസ്ഥിതി ജലസംരക്ഷണ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുകരിക്കാവുന്ന മാതൃകകൾ ബോധ്യപ്പെടുത്തുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം, ജലസുരക്ഷ, കൃഷി-പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലകളിൽ നടത്തിയ ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ 64 പ്രബന്ധങ്ങളും 78 അവതരണങ്ങളുമാണ് സംഗമത്തിന്റെ പ്രധാന അജണ്ട.



# സാധ്യമാണ് മാലിന്യമുക്ത കേരളം : മുഖ്യമന്ത്രി പിണറായി വിജയൻ



മാലിന്യ പരിപാലനത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ മനോഭാവ മാറ്റത്തിലൂന്നി ഇപ്പോൾ നടന്നുവരുന്ന ജനകീയ ക്യാമ്പയിനിലൂടെ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാധ്യമാക്കാനാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും ഹരിത കേരളം മിഷൻ ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെയും മാലിന്യമുക്ത പരിപാടികൾ നല്ല നിലയിൽ പുരോഗമിക്കുകയാണ്. മാലിന്യനിർമാർജ്ജനത്തിൽ പുതിയ ശീലങ്ങളും രീതികളും അവലംബിച്ചുകൊണ്ട് സംസ്ഥാനത്തെ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിന് സമൂഹത്തിന്റെ എല്ലാ മേഖലയിലും ഉള്ളവരുടെ സഹകരണം ആവശ്യമാണ്. പൊതുസ്ഥലങ്ങൾ മലിനമാക്കുന്നതിന്റെ പ്രത്യാഘാതത്തെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്കിടയിൽ ഇനിയും വർദ്ധിക്കേണ്ടതുണ്ട്. പൊതുസ്ഥലത്തെ മാലിന്യനിക്ഷേപം ആരോഗ്യകരമായ ജീവിതത്തിന് വെല്ലുവിളിയാണ്. ജലാശയങ്ങളിലെ മാലിന്യനിക്ഷേപം വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കും. ഈ വസ്തുതകൾ ഉൾക്കൊണ്ടുകൊണ്ടാണ് പൊതുജനങ്ങളുടെയും വിവിധ സംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ സർക്കാർ മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ശുചിത്വവും മാലിന്യസംസ്കരണവും പൊതു സംസ്കാരമാകണമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ജലസംരക്ഷണം, ശുചിത്വം, മാലിന്യ പരിപാലനം, പരിസ്ഥിതി പുനഃസ്ഥാപനം തുടങ്ങിയ മേഖലകളിൽ ഗുണകരമായ മാറ്റങ്ങൾ ഇതിനകം സംസ്ഥാനത്ത് ദൃശ്യമാണ്. നിരന്തരമായ അവബോധം, കാര്യക്ഷമമായ ഇടപെടലുകൾ, നൂതന സാങ്കേതികവിദ്യയുടെ പ്രയോഗം എന്നിവ വഴിയും ജനകീയ പങ്കാളിത്തത്തോടെയും വൃത്തിയും വെടിപ്പുമുള്ള ഹരിതസമൃദ്ധമായ നവകേരളം സൃഷ്ടിക്കുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

# മാലിന്യമുക്തം നവകേരളം ലക്ഷ്യത്തിലേക്ക്: മന്ത്രി എം.ബി. രാജേഷ്



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ അവസാനഘട്ടമായതോടെ സംസ്ഥാനത്തെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്. ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിത കർമസേന വഴി നടത്തുന്ന വാതിൽപ്പടി അജൈവ മാലിന്യശേഖരണം ശരാശരി 85 ശതമാനം കടന്നതായി മന്ത്രി വ്യക്തമാക്കി. ഫെബ്രുവരി മാസത്തിൽ 85% ത്തിന് മുകളിൽ വാതിൽപ്പടി സേവനം ഉറപ്പാക്കാൻ 826 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. ഇതിൽ 447 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ മാസം 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കി. ഫെബ്രുവരി മാസത്തിൽ 80% നു മുകളിൽ വാതിൽപ്പടി സേവനം ഉറപ്പാക്കാൻ 826 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു.

മാർച്ച് മാസത്തെ ആദ്യ 10 ദിവസങ്ങൾക്കുള്ളിൽ തന്നെ ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിച്ച് ഹരിത കർമസേനയുടെ വാതിൽപ്പടി ശേഖരണം 100% ഉറപ്പാക്കിയ തിരുവനന്തപുരത്തെ ഒറ്റൂർ ഗ്രാമപഞ്ചായത്തിനെയും കണ്ണൂരിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിനെയും മന്ത്രി അഭിനന്ദിച്ചു. ഒറ്റൂരിലെയും ചപ്പാരപ്പടവിലെയും ഹരിത കർമസേന, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഹരിത കർമസേനയ്ക്കും മാതൃകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഈ പഞ്ചായത്തുകളെ കൂടാതെ 19 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടി ഈ ദിവസങ്ങൾക്കുള്ളിൽ 75% ലധികം അജൈവ മാലിന്യ ശേഖരണം ഉറപ്പാക്കിയിട്ടുണ്ട്. 88% വീടുകളിൽ നിന്നും മാലിന്യം ശേഖരിച്ച കൊട്ടാരക്കര മുൻസിപ്പാലിറ്റിയാണ് നഗരസഭകളിൽ ഇതുവരെ ഒന്നാം സ്ഥാനത്ത്. വാതിൽപടി ശേഖരണം പൂർണ്ണമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ 100% നേട്ടം കൈവരിക്കുന്നതിനുള്ള തീവ്രശ്രമം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്താകമാനം യൂസർഫീ പിരിവ് 71.72% ആയി. ഹരിത മിത്രം ആപ്പിൽ രേഖപ്പെടുത്തിയ കണക്കുകളാണ് ഇത്.



## കേരളനൈപുണ്യ വികസനത്തിലേക്ക്

# ഓസ്ട്രേലിയൻ മാതൃക

ഓസ്ട്രേലിയൻ ടെക്നിക്കൽ ആൻഡ് വൊക്കേഷണൽ വിദ്യാഭ്യാസ മാതൃകയെ കേരളത്തിലെ നൈപുണ്യ വികസന രംഗത്തേക്ക് ഗുണപരമായി ഉപയോഗപ്പെടുത്തുന്നതിന് ഓസ്ട്രേലിയ ഇന്ത്യ ബിസിനസ് കൗൺസിൽ (AIBC) ന്റെ ഉന്നത ഉദ്യോഗസ്ഥർ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിയെ നേരിൽകണ്ട് ചർച്ച നടത്തി.

കേരളത്തിലെ നൈപുണ്യ വികസനത്തെ ഓസ്ട്രേലിയൻ നൈപുണ്യ വികസന പ്രവർത്തനങ്ങളുമായി തതുല്യപ്പെടുത്തുന്നതിനെ പറ്റിയും , കേരളത്തിൽ നൈപുണ്യ വികസനം പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥി



കൾക്ക് ഓസ്ട്രേലിയയിൽ തുടർ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യങ്ങളെ പറ്റിയും, ഇപ്രകാരം തുടർ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടുന്നവർക്ക് ഓസ്ട്രേലിയയിൽ ജോലി ലഭിക്കുന്നതിനെ പറ്റിയും, പെർമനന്റ് റെസിഡൻസി ഉൾപ്പടെ ലഭ്യമാക്കുന്നതിനെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ ചർച്ചയിൽ വിഷയമായി.

## 1522

## ആരോഗ്യ കേന്ദ്രങ്ങളിൽ ക്യാൻസർ സ്ക്രീനിംഗിന് സംവിധാനം



ആരോഗ്യം ആനന്ദം - അകറ്റാം അർബുദം ക്യാമ്പയിനിന്റെ ഭാഗമായി ഒരു മാസം കൊണ്ട് 13,74,762 സ്ത്രീകളെ ക്യാൻസർ പരിശോധനയ്ക്ക് വിധേയമാക്കി. അതിൽ 120 പുതിയ ക്യാൻസർ രോഗികളെ കണ്ടെത്തി. ക്യാൻസർ രോഗമൂലമുണ്ടാകുന്ന മരണം കുറയ്ക്കുക, ആദ്യം തന്നെ രോഗം കണ്ടെത്തി ചികിത്സ ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 6 മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 1522 ആരോഗ്യ കേന്ദ്രങ്ങളിൽ ക്യാൻസർ സ്ക്രീനിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. കീമോ തെറാപ്പിയും റേഡിയേഷനും ജില്ലാ ആശുപത്രികളിലേക്ക് വികേന്ദ്രീകരിച്ചിട്ടുണ്ട്. പുതിയ ചികിത്സാ സംവിധാനങ്ങൾ വികസിപ്പിക്കുന്നുണ്ട്. കാരുണ്യ ഫാർമസികളിലൂടെ മിതമായ വിലയ്ക്കാണ് കാൻസർ മരുന്നുകൾ സർക്കാർ നൽകുന്നത്. സീറോ പ്രോഫിറ്റ് ആയിട്ടാണ് ക്യാൻസർ മരുന്നുകൾ നൽകുന്നത്.

## ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യം

ഭവനരഹിതരില്ലാത്ത കേരളമെന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമായാണ് മുന്നോട്ടുപോകുന്നത്. രാജ്യത്ത് ഇതു വരെ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് വീട് നൽകിയ സംസ്ഥാനം കേരളമാണെന്ന വസ്തുതയും ഇവിടെ പ്രസക്തമാണ്. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഇതുവരെ 4,32,159 വീട് നിർമ്മിച്ചു. എല്ലാവരും സുരക്ഷിതമായ പാർപ്പിടത്തിൽ ജീവിക്കണം എന്ന ലക്ഷ്യം പൂർത്തിയാക്കാൻ ലൈഫ് മിഷൻ വി




ശ്രമമില്ലാതെ പരിശ്രമിക്കുകയാണ്. വീട് യാഥാർത്ഥ്യമാക്കാനുള്ള വിഭവങ്ങളിൽ അടിസ്ഥാന ഘടകമായ ഭൂമിക്കായി സുമനസ്സുകളുടെ സഹായം തേടുകയാണ്. ഇതിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ഇതുവരെ ലഭിച്ച ഭൂമി അർഹർക്ക് വിതരണം ചെയ്തു തുടങ്ങി. പൊതുജന പങ്കാളിത്തം ഈ പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ്. ഭൂമി സൗജന്യമായി നൽകാൻ ശേഷിയുള്ളവർ അതിനായി മുന്നോട്ടുവന്നാൽ സഹജീവികളെ ഒപ്പം ചേർത്തു നിർത്താനുള്ള ഈ സദ്പ്രവൃത്തിയിൽ പങ്കാളികളാകാം.

# തദ്ദേശ സ്ഥാപനതല ശുചിത്വ പ്രഖ്യാപനങ്ങൾ
# വിപുലമായ മുന്നൊരുക്കം

സംസ്ഥാന സർക്കാരിന്റെ അഭിമാന പരിപാടികളിലൊന്നായ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ തദ്ദേശസ്ഥാപനതല പ്രഖ്യാപനങ്ങൾ മാർച്ച് 30 ന് നടക്കും. ഇതിന് മുന്നോടിയായി, പൊതുസ്ഥലങ്ങളിൽ അവശേഷിക്കുന്ന മാലിന്യം നീക്കുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തും. മാർച്ച് 17 മുതൽ ഏപ്രിൽ 5 വരെ ഗ്രാമപഞ്ചായത്ത് തലം മുതൽ ജില്ലാ തലം വരെ ഇതിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളടങ്ങിയ ഉത്തരവും തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കി. തദ്ദേശതല പ്രഖ്യാപനത്തിനു മുൻപ് അതത് വാർഡുപ്രഖ്യാപനങ്ങളും നടത്താൻ നിർദേശിച്ചിട്ടുണ്ട്.

മാലിന്യമുക്ത നവകേരളം പ്രഖ്യാപനത്തിന് മുന്നോടിയായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രഖ്യാപനം സംസ്ഥാനത്ത് ആകെ ഒറ്റ ദിവസമായി നടക്കുക. ശുചിത്വ പ്രഖ്യാപനത്തിന്റെ സ്മാരകമായി ഒരു സ്ഥലം കണ്ടെത്തി വൃത്തിയാക്കി അവിടെ 'വേസ്റ്റ് ടു ആർട്' വിഷയമാക്കി ഇൻസ്റ്റലേഷനുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനപ്രതിനിധികൾ, വിദ്യാർഥികൾ, ഹരിത കർമസേന, എൻ.എസ്.എസ്, എസ്.പി.സി, സ്‌കൗട് ആൻഡ് ഗൈഡ്‌സ്, റെസിഡന്റ്‌സ് അസോസിയേഷനുകൾ, ജനകീയ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പരിപാടികൾ നടത്തുന്നത്.

വാർഡുതലത്തിൽ ഹരിത കർമസേനാംഗങ്ങളുടേയും മറ്റും സഹകരണത്തോടെ ഏതാനും വർഷങ്ങളായി നടത്തിവരുന്ന പ്രവർത്തനത്തിലൂടെ മാലിന്യത്തിൽനിന്ന് വലിയതോതിൽ മോചനം നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. തദ്ദേശ തലത്തിൽ നിലവിലുള്ള മാലിന്യക്കൂനകൾകൂടി നിർമാർജ്ജനം ചെയ്യുകയും തുടർന്ന് ഉണ്ടാകാതെ നോക്കുകയും ചെയ്യുന്നതിനുള്ള ബൃഹത്തായ കർമപദ്ധതിക്കാണ് സർക്കാർ രൂപംകൊടുത്തിട്ടുള്ളത്.

പരിപാടികൾക്ക് മുന്നോടിയായി വാർഡുതല ശുചിത്വ പ്രഖ്യാപന സദസ്സുകൾക്ക് 17ന് തുടക്കമായി. മിക്ക സ്ഥലങ്ങളിലും ശുചിത്വ സന്ദേശ ജാഥയോടെ പരിപാടി ആരംഭിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലെ മികച്ച വീട്, വാർഡ്, സ്ഥാപനം, റെസിഡന്റ്‌സ് അസോസിയേഷൻ, ജനകീയ സംഘടന, ഹരിത വായനശാല, ഹരിത പൊതു ഇടം, ഹരിത അയൽക്കൂട്ടം, ഹരിത ടൗൺ, ഹരിത വിദ്യാലയങ്ങൾ തുടങ്ങിയവയ്ക്ക് പുരസ്‌കാരങ്ങൾ നൽകും. ബ്ലോക്ക് തലത്തിൽ ഏപ്രിൽ മൂന്നിനാണ് സമാനമായ രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുക.

തദ്ദേശ ഭരണവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി, കേരള ഖരമാലിന്യ പരിപാലന പദ്ധതി എന്നിവയുടെ ആഭിമുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

## നാടാകെ ഹരിത പ്രഖ്യാപനങ്ങൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ വിവിധ ഇടങ്ങളിലായി ഹരിത പ്രഖ്യാപനങ്ങൾ അവസാനഘട്ടത്തിൽ. മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശാസ്ത്രീയ മാലിന്യ സംസ്‌കരണത്തിനും വേണ്ടി നടപ്പാക്കിയ ചെറുതും വലുതുമായ പദ്ധതികളുടെ ഫലമായാണ് ഈ പ്രഖ്യാപനങ്ങൾ. പ്രാദേശികമായി സൃഷ്ടിക്കപ്പെട്ട നിരവധി ശുചിത്വ മാതൃകകളും ഇതിൽ ഉൾപ്പെടുന്നുണ്ട്.

നഗരങ്ങളും ഗ്രാമങ്ങളും സ്ഥാപനങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളും വൃത്തിയിലൂടെയും ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നതിലൂടെയുമാണ് ഹരിത പദവിയിലെത്തിയത്. തിരഞ്ഞെടുത്ത കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കി സൗന്ദര്യവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപാരി വ്യവസായി സംഘടനകൾ, ഗ്രന്ഥശാലകൾ, രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി സംഘടനകൾ, യുവജന പ്രസ്ഥാനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ ഏകോപിപ്പിക്കുകയാണുണ്ടായത്. പരിസ്ഥിതി പുന;സ്ഥാപനം, പുഴ പുനരുജ്ജീവനം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളും മാലിന്യമുക്ത നവകേരളത്തിനായുള്ള യജ്ഞത്തിൽ അനുപൂരകങ്ങളായി വർത്തിക്കുകയാണ്. കൂട്ടായ്മയും ജനകീയ പങ്കാളിത്തവും സൃഷ്ടിച്ച മുന്നേറ്റമാണ് കാണുന്നത്. പ്രവർത്തന നേട്ടങ്ങൾ മുൻനിർത്തിയുള്ള ഈ പ്രഖ്യാപനങ്ങളെല്ലാം ജനകീയ ഹരിത പ്രഖ്യാപനങ്ങളായി അടയാളപ്പെടുകയാണ്.



# ഹരിത പെരുമാറ്റച്ചട്ടം ജീവിത ശൈലിയിൽ



കേരളീയരുടെ ജീവിത ശൈലിയിൽ ഹരിത പെരുമാറ്റച്ചട്ടം സുപ്രധാന ഘടകമായി മാറുന്നു. വ്യക്തിഗതമായി മാത്രമല്ല കൂട്ടം ചേരുന്നിടത്തും ഓഫിസുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിൽ കാണിക്കുന്ന ശ്രദ്ധ ഇപ്പോൾ പ്രകടമാണ്. ആഘോഷങ്ങൾ, ഉത്സവങ്ങൾ, പൊതുചടങ്ങുകൾ തുടങ്ങിയവയിലും ഹരിത പെരുമാറ്റ ചട്ടപാലനം കണ്ടുവരുന്നുണ്ട്. മാലിന്യം കുറയ്ക്കുന്നതിലും പ്രകൃതി സൗഹൃദ ജീവിതം പിന്തുടരുന്നതിലും ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി ഹരിതകേരളം മിഷൻ ഉൾപ്പെടെ നടത്തിയ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഫലം ദൃശ്യമായി തുടങ്ങിയതായാണ് വിലയിരുത്തൽ.

മാലിന്യത്തിന്റെ അളവ് കുറക്കുക, മാലിന്യ ഉത്പാദനം ഇല്ലാതാക്കുക, രൂപപ്പെടുന്ന മാലിന്യങ്ങളെ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക തുടങ്ങിയ വഴ്ക്കായി അനുവർത്തിക്കുന്ന രീതിയാണ് ഗ്രീൻ പ്രോട്ടോക്കോൾ. പുനരുപയോഗ സാധ്യമായവ, കമ്പോസ്റ്റിംഗ് സാധ്യമായവ എന്നിങ്ങനെ മാലിന്യത്തെ തരംതിരിച്ചും ഉപഭോഗ സാധനങ്ങളുടെ അളവ് കുറച്ചും അവശിഷ്ടം ഇല്ലാതാക്കിയും മാലിന്യ പരിപാലനത്തിൽ നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങൾ വ്യക്തികളും, സമൂഹവും പിൻതുടരുന്ന രീതിയാണ് ഇതിൽ പ്രധാനം. മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഡിസ്പോസബിൾ സാധനങ്ങളുടെ ഉപേയാഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ശീലമാക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിങ്ങിലൂടെ വളമാക്കി മാറ്റുകയോ ബയോഗ്യാസാക്കി മാറ്റുകയോ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം.

ഇത്തരത്തിൽ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പകുതിയോളം കുറയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതും, കത്തിക്കുന്നത് മൂലവുമുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും.

# ഇനി ഞാൻ ഒഴുകട്ടെ

ഹരിതകേരളം മിഷൻ

ജലസംരക്ഷണം, ജല സുരക്ഷ എന്നീ മേഖലകളിൽ സംസ്ഥാനത്ത് മുമ്പെങ്ങുമില്ലാത്തവിധമുള്ള ക്രിയാത്മക പ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടുവർഷങ്ങളിലായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടന്നത്. ജലമാണ് ജീവൻ ബോധവത്കരണ ക്യാമ്പയിൻ, പുഴകൾക്ക് പുതുജീവനേകിയുള്ള നദീ പുനരുജ്ജീവന പ്രവർത്തനങ്ങൾ, ജലഗുണനിലവാര പരിശോധനാ ലാബുകൾ, നീർച്ചാലുകളെ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന മാപത്തോൺ,



രാജ്യത്താദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ജലബജറ്റ്, ക്വാറികളിലെ ജലം കൃഷിയിടങ്ങളിലേക്ക് തുടങ്ങി നിരവധി നൂതന കർമപദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കിയത്. ഇതിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ക്യാമ്പയിനാണ് ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ'. ഈ ക്യാമ്പയിൻ ഇതിനകം രണ്ടുഘട്ടങ്ങൾ പൂർത്തീകരിച്ചു. ഇതിലൂടെ 87164 കി.മീ. ദൂരം നീർച്ചാലുകൾ ശുചീകരിച്ച് സുഗമമായ ഒഴുക്ക് സാധ്യമാക്കി. 412 കി.മീ. പുഴകൾ ശുചീകരിച്ചു. 29107 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 24479 കുളങ്ങൾ നിർമ്മിച്ചു. 787 സ്ഥിരം തടയണകളും 73019 താൽക്കാലിക തടയണകളും നിർമ്മിച്ചു.

'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ മൂന്നാംഘട്ടം സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരങ്ങളുടെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്രയജ്ഞത്തിൽ അതിപ്രധാനമാണ് നീർച്ചാലുകളുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടുള്ള ഇനി ഞാനൊഴുകട്ടെ ക്യാമ്പയിൻ.

# നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

## ജനങ്ങളിലൂടെ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിൻ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. 2070 ൽ ഈ ലക്ഷ്യം കൈവരിക്കാൻ രാജ്യം ശ്രമിക്കുമ്പോൾ ഒരുപടി മുന്നിലായി 2050 ൽ ഈ ലക്ഷ്യം നേടിയെടുക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവ് കണക്കാക്കി ഇതു രണ്ടിന്റെയും തുലിതാവസ്ഥ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

നെറ്റ് സീറോ കാർബണുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ വിദഗ്ധരേയും വിവിധ വകുപ്പുകളെയും ഏജൻസികളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെ ശാസ്ത്രീയമായ രീതിശാസ്ത്രം അവലംബിച്ചാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ ജനകീയമായി നടപ്പാക്കാൻ കഴിയുന്ന നിർവഹണ രൂപരേഖ, സാങ്കേതിക നിർവഹണ സഹായങ്ങൾക്കായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ കോർഗ്രൂപ്പ് സംഘാടനം, കോർഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമന തോത്, കാർബൺ സംഭരണം കണക്കാക്കൽ തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണ മാർഗ്ഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനതല ക്യാമ്പയിൻ പ്രവർത്തനങ്ങളും, ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണവും, എനർജി മാനേജ്മെന്റ് സെന്ററുമായി ചേർന്ന് ഊർജ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ, സർക്കാർ സ്ഥാപനങ്ങളിലെ ഊർജ ഓഡിറ്റ്, ഊർജ കാര്യക്ഷമതയുള്ള വാഹന ഉപയോഗം സംബന്ധിച്ചുള്ള പരിശീലനം പച്ചത്തുരുത്തുകളുടെ വ്യാപനം തുടങ്ങിയവ ഇതുവരെ നടന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ഇതിനുപുറമെ ശുചിത്വം, മാലിന്യ സംസ്കരണം, പരിസ്ഥിതി പുനസ്ഥാപനം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ ഹരിതകേരളം മിഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ നെറ്റ് സീറോ കാർബൺ അവസ്ഥകൂടി കൈവരിക്കാനുതകുംവിധം ലക്ഷ്യമിട്ടുള്ളവയാണ്.

ദീർഘകാല പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയും മാത്രമേ നെറ്റ് സീറോ കാർബൺ കേരളം എന്നതിലെത്തിച്ചേരാൻ കഴിയൂ. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 92 തദ്ദേശ സ്ഥാപനങ്ങൾക്കുപുറമേ 25 തദ്ദേശ സ്ഥാപനങ്ങളിൽ കൂടി നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ പുരോഗമിക്കുന്നു.

# ഹരിത സുന്ദര ടൗണുകൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സംസ്ഥാനത്ത് സമഗ്രമായൊരു മാറ്റത്തിനാണ് കളമൊരുക്കിയത്. ശുചിത്വം, മാലിന്യ സംസ്കരണം, ഹരിതചട്ടപാലനം തുടങ്ങിയ വിഷയങ്ങളിൽ വർദ്ധിച്ചു വരുന്ന പൊതുബോധം ഈ മാറ്റത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും ജനങ്ങൾ മുന്നിട്ടിറങ്ങി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി നിരവധി ടൗണുകൾ ഹരിത പദവിയിലെത്തി.

സംസ്ഥാനത്ത് ഇതിനോടകം 1884 ടൗണുകൾ ഹരിത സുന്ദര ടൗണുകളായി മാറിക്കഴിഞ്ഞു. ചെറുതും വലുതുമായ കവലകൾ ഉൾപ്പെടുന്ന ഈ ടൗണുകളിൽ നടന്ന സൗന്ദര്യവൽക്കരണവും ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും അതതു പ്രദേശങ്ങളിൽ കാതലായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്.




പരിസരത്തിന്റെ വൃത്തി മുഖ്യമായി ലക്ഷ്യമിട്ടും പാഴ്‌വസ്തുക്കളുടെ പുനഃരുപയോഗ സാധ്യത പരമാവധി പ്രയോജനപ്പെടുത്തിയും പരിസ്ഥിതി സംരക്ഷിച്ചും ചെടികൾ വച്ച് മോടി പിടിപ്പിച്ചും നടത്തുന്ന ഹരിത ടൗൺ പ്രവർത്തനങ്ങൾ കൂട്ടായ്മയുടെ ശ്രമഫലമാണ്. മാലിന്യങ്ങളും പാഴ്‌വസ്തുക്കളും വലിച്ചെറിയാതെ നിർദ്ദിഷ്ട ഇടങ്ങളിൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാൻ നൽകിയും ആവുന്നത്ര പച്ചപ്പ് സൃഷ്ടിച്ചും ജലസുരക്ഷ ഉറപ്പാക്കിയും പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്ന മാർഗ്ഗങ്ങളിലൂടെയുമാണ് ഹരിത ടൗൺ യാഥാർത്ഥ്യമാക്കുന്നത്. നാടിന്റെയും നഗരത്തിന്റെയും വികസനത്തിനൊപ്പം പ്രകൃതിയെ നശിപ്പിക്കാതെയുള്ള ജീവിതശൈലി അനുവർത്തിക്കുക എന്ന ആശയവും ഹരിത ടൗണുകൾ മുന്നോട്ടുവയ്ക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഹരിത ടൗണുകളായ പ്രദേശങ്ങളെ സ്ഥിരമായി ഹരിത പദവിയിൽ തന്നെ നിലനിർത്താൻ ജനകീയ സമിതികൾ സജീവമാണ്.



# ഹരിത കലാലയം

പരിസ്ഥിതി സംരക്ഷണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കി കോളേജുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിതകലാലയം. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മറ്റു ജീവനക്കാരുടെയും നേതൃത്വത്തിൽ ക്യാമ്പസിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ, കൃഷി, ജൈവവൈവിധ്യ സംരക്ഷണം, ജലസംഭരണവും ജലസംരക്ഷണവും, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ ക്യാമ്പസുകളെ ഹരിത കലാലയമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ 1421 കോളേജുകളിൽ വിലയിരുത്തൽ നടത്തി 1063 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 75% കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്. 2025 ജനുവരി മാസം വരെ കൊല്ലം, തൃശ്ശൂർ, ജില്ലകൾ 100% ഹരിത കലാലയ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. കോട്ടയം, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ 90%-ന് മുകളിൽ ഹരിത കലാലയ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കലാലയങ്ങളെ ഹരിത കലാലയങ്ങളായി മാറ്റിയത് കോട്ടയം ജില്ലയാണ്. 136 കലാലയങ്ങൾ ഉള്ളതിൽ 129 കലാലയങ്ങളെ ഹരിത കലാലയങ്ങളായി (95%) മാറ്റിയിട്ടുണ്ട്.

# ഹരിതവിദ്യാലയം

വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് ഹരിതവും വൃത്തിയുള്ളതുമായ അന്തരീക്ഷം അനിവാര്യമാണ്. ഹരിത വിദ്യാലയമെന്നത് ഒരു സമീപനമാണ്. കുട്ടികൾക്ക് പഠനത്തിന്റെ ഭാഗമായി ഒരുക്കുന്ന പഠനാന്തരീക്ഷത്തിലൂടെയും പഠനാനുഭവങ്ങളിലൂടെയും പാരിസ്ഥിതികാവബോധവും പ്രകൃതിയെ അറിയാനും സംരക്ഷിക്കാനുമുള്ള മനോഭാവവും വികസിപ്പിക്കുക എന്നതാണ് ഹരിത വിദ്യാലയം ക്യാമ്പയിനിലൂടെ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്. ഹരിതകേരളം മിഷന്റെ ഉപമിഷനുകളുടെ ഭാഗമായുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, കൃഷി / പൂന്തോട്ടങ്ങൾ, ഹരിത ചട്ടപാലനം, ഊർജ സംരക്ഷണം, പൊതു ശുചിത്വം തുടങ്ങിയവ മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് ഹരിത വിദ്യാലയങ്ങ



ളായി സ്കൂളുകളെ തിരഞ്ഞെടുക്കുന്നത്. ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വൃത്തിയുള്ള പരിസരത്തിന്റെ മികവ് തിരിച്ചറിയാനും പരിസ്ഥിതി സൗഹൃദപ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് തിരിച്ചറിയാനും ഈ ക്യാമ്പയിനിലൂടെ വിദ്യാർത്ഥികൾക്ക് കഴിയും.

# ഗ്രന്ഥശാലകൾ ഹരിത പദവിയിലേക്ക്

ഹരിത പെരുമാറ്റച്ചട്ടം പാലിച്ചും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ പങ്കാളികളായും സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളായി മാറുന്നു. ഹരിത ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നടപ്പാക്കൽ, പ്രാദേശികമായി നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഗ്രന്ഥശാലയ്ക്കടുത്തുള്ള പൊതു ഇടങ്ങളുടെ സൗന്ദര്യവൽക്കരണം, ഗ്രന്ഥശാലാ പ്രവർത്തകരുടെ വീടുകൾ ഹരിത മാതൃകയാക്കൽ തുടങ്ങിയവ മുൻനിർത്തിയാണ് ഹരിത ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പാക്കുന്ന ഗ്രന്ഥശാലകളെ ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിലയിരുത്തി ഹരിത ഗ്രന്ഥശാല സാക്ഷ്യപത്രം നൽകും. ഗ്രന്ഥശാലകൾ സംഘടിപ്പിക്കുന്ന ക്ലാസുകൾക്ക് പുറമേ വീട്ടുമുറ്റ ക്ലാസുകളും നടത്തും. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ



സംഘടനകൾ എന്നിവയുമായി സഹകരിച്ച് ക്ലാസുകൾ വ്യാപിപ്പിക്കും. സംസ്ഥാനത്തെ എല്ലാ ഗ്രന്ഥശാലകളെയും ഹരിത ഗ്രന്ഥശാല പദവിയിലെത്തിക്കാൻ ലക്ഷ്യമിട്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

## 10,000 ഗ്രന്ഥശാലകൾ ഹരിതമാക്കും

തിരുവനന്തപുരം മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പതിനായിരത്തോളം ഗ്രന്ഥശാലകളെ ഹരിതമാക്കും. ഇതിനായി കൗൺസിൽ പ്രത്യേക മാർഗനിർദേശങ്ങൾ പുറത്തിറക്കി. പ്രവർത്തനം വിലയിരുത്തി ഹരിതകേരളം മിഷനാണ് സർട്ടിഫിക്കറ്റ് നൽകുക. ബോധവൽക്കരണം, പ്രവർത്തകരുടെ വീടുകൾ ശുചിയാക്കൽ, ഗ്രന്ഥശാല ശുചീകരണം എന്നിങ്ങനെയാണ് പരിപാടികൾ.

# ഹരിതസമൃദ്ധി വാർഡ്

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായ രീതിയിൽ പച്ചക്കറികൾ നട്ടുവളർത്തുക എന്നതാണ് ഹരിത സമൃദ്ധി വാർഡ് ക്യാമ്പയിൻ. ഒരു ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ (ഉൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിലായി) അല്ലെങ്കിൽ ഒരു നഗരസഭയുടെ പരിധിയിൽ ചുരുങ്ങിയത് 20 ഹരിത സമൃദ്ധി വാർഡുകൾ എങ്കിലും ഉണ്ടാകണം എന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യം. പൂർണ്ണ ജനപങ്കാളിത്തത്തോടെയും സന്നദ്ധ സേവകരുടെയും കാർഷിക കർമസേന, കുടുംബശ്രീ, ഹരിത കർമസേന, നാഷണൽ സർവീസ് സ്കീം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവരുടെയും സഹായത്തോടുകൂടിയാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കുന്നത്. ജനപങ്കാളിത്തത്തോടെ ഓരോ വീട്ടിലും തൈകളുടെ വിതരണവും നടീൽ ഉത്സവവും സംഘടിപ്പിച്ചാണ് ഹരിത സമൃദ്ധി വാർഡ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുന്നത്.



നാളിതുവരെ 290 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 1146 വാർഡുകൾ ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലായി 80 ൽ അധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലും പച്ചക്കറിതൈകൾ വിതരണം ചെയ്ത് സമ്പൂർണ ഹരിത സമൃദ്ധി പ്രഖ്യാപനം നടത്തിയതും ശ്രദ്ധേയമാണ്.

## പച്ചത്തുരുത്തുകൾ

ഹരിതകേരളം മിഷൻ സംസ്ഥാനത്തു നടപ്പാക്കിവരുന്ന പച്ചത്തുരുത്ത് പദ്ധതി ശ്രദ്ധേയമാകുന്നു. 2019 ജൂൺ 5 ലെ ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് പഞ്ചായത്തിലെ വേങ്ങോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിലെ അഞ്ചു സെന്റിൽ നീർമാതളതൈ നട്ട് മുഖ്യമന്ത്രി പിണറായി വിജയനാണു പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചത്.



2019 ജൂൺ മുതൽ 2025 ജനുവരി വരെയുള്ള അഞ്ചു വർഷ കാലയളവിൽ സംസ്ഥാനത്ത് 1173.49 ഏക്കർ ആകെ വിസ്തൃതിയിൽ 3657 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (315.36 ഏക്കർ ആകെ വിസ്തൃതിയിൽ 234 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ്.

## ഹരിത - ക്ലീൻ ആൻഡ് ഗ്രീൻ ശ്രീനാരായണപുരം

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണ ഹരിത പഞ്ചായത്തായി തൃശൂർ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കുന്നതിന് വിപുലമായ പ്രവർത്തനങ്ങളാണ് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലുള്ള കുളങ്ങളിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയാതിരിക്കാൻ 10 ഇടങ്ങളിൽ അവയ്ക്ക് കുറുകെ ഗ്രില്ലുകൾ സ്ഥാപിച്ചു. ഇതുമൂലം ജലാശയങ്ങളിലേക്ക് മാലിന്യം വലിച്ചെറിയുന്നത് ഒരു പരിധി വരെ തടയാൻ കഴിഞ്ഞു. പഞ്ചായത്തിൽ 21-ാം വാർഡിലെ സുനാമി കോളനിയിൽ തുമ്പൂർമുഴി മോഡൽ ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുകയും ഒരു കെയർടേക്കറെ നിയമിച്ച് പരിപാലിച്ചുവരികയും ചെയ്യുന്നു. മാലിന്യ പരിപാലന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ജലാശയങ്ങളിലേക്ക് മാലിന്യക്കുഴലുകൾ സ്ഥാപിച്ചവർക്കെതിരെ നടപടിയെടുക്കുകയും കണ്ടെത്തിയ മാലിന്യക്കുഴലുകൾ ഉടമകളെക്കൊണ്ടുതന്നെ നീക്കം ചെയ്യുകയും പകരം സോക്ക് പിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ വ്യത്യസ്തവും മാതൃകാപരമായ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ട് സമ്പൂർണ്ണ ഹരിത - ക്ലീൻ ആൻഡ് ഗ്രീൻ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തായി മാറുകയാണ് ലക്ഷ്യം.



# തെങ്ങിന് തടം മണ്ണിന് ജലം



മഴവെള്ളവും മണ്ണും തമ്മിൽ നേരിട്ടുള്ള സമ്പർക്കം വരുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നതു മുന്നിൽ കണ്ടും വിളപരിപാലനത്തിനോടൊപ്പം മഴവെള്ളം മണ്ണിലേക്ക് എത്തിക്കാനും ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിന് തുടക്കം കുറിച്ചത്.

തെങ്ങിന് തടം തുറന്ന് കുമ്മായം, പച്ചില, ചാണകം, ചാരം, കല്ലുപ്പ്, മറ്റ് ജൈവവളങ്ങൾ തുടങ്ങിയവ ഇട്ടുമൂടുന്ന കാർഷിക പാരമ്പര്യത്തെ ഭൂമിയ്ക്കായി വീണ്ടെടുക്കാനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു. തടം തുറന്ന് പുതയിട്ട തെങ്ങിൻ ചുവട്ടിൽ കൊടിയ വേനലിൽ പോലും നനവ് നിലനിൽക്കും. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായാണ് ജനകീയ ജലസംരക്ഷണ പരിപാടിയെന്ന നിലയിൽ 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിൻ നടപ്പാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയാണ് ക്യാമ്പയിൻ പ്രായോഗിക തലത്തിലെത്തിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഒരു ബ്ലോക്കിലെ ഒരു വാർഡിൽ ക്യാമ്പയിൻ നടപ്പാക്കും. ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടാറുള്ള വാർഡിനാണ് മുൻഗണന. വീട്ടുവളപ്പിലെ തെങ്ങുകൾക്ക് തടമെടുക്കുന്നതിനാണ് ക്യാമ്പയിൻ ഊന്നൽ നൽകുന്നത്. തദ്ദേശ സ്ഥാപനതലത്തിലും വാർഡ് തലത്തിലും സംഘാടകസമിതി രൂപീകരിച്ച് സന്നദ്ധപ്രവർത്തകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയാണ് ക്യാമ്പയിൻ നടക്കുന്നത്. കാർഷിക വികസന സമിതി, കർഷക സംഘടനകൾ, കർഷക തൊഴിലാളികൾ, യുവജന സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ പങ്കാളിത്തവും ഉറപ്പാക്കിയിട്ടുണ്ട്.

## ഹരിത കർമസേന : മാലിന്യ ശേഖരണത്തിലെ ഹരിത വിപ്ലവം

മലയാളിയുടെ വലിച്ചെറിയൽ സംസ്കാരത്തിനെതിരെ നടത്തുന്ന നിശബ്ദ വിപ്ലവത്തിന്റെ പ്രതീകമാണ് ഹരിത കർമസേന. 2017 ൽ രൂപീകരിച്ച ഹരിത കർമസേന ഇന്ന് കേരളത്തിന്റെ സുസ്ഥിര മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി വളർന്നിരിക്കുന്നു. സംസ്ഥാനത്ത് ആകെ 37,363 ഹരിത കർമസേനാംഗങ്ങളാണുള്ളത്. ഇന്ന്



സംസ്ഥാനത്തെ 95% വീടുകളിലും സ്ഥാപനങ്ങളിലും ഹരിത കർമസേനാംഗങ്ങളുടെ സേവനം ലഭ്യമാണ്. മാസത്തിൽ ഒന്നോ രണ്ടോ തവണ ഒരോ വീട്ടിലും എത്തി ഇവർ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നു. ചിലയിടങ്ങളിൽ ജൈവ മാലിന്യ സംസ്കരണത്തിലും കൃത്യമായ ഇടപെടലുകൾ നടത്തുന്നു.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എംസിഎഫുകളിലും ശേഷം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സംവിധാനത്തിലും എത്തിച്ച് വീണ്ടും തരംതിരിക്കുന്നു. ഒരുമാസം 10000 ടണ്ണിലേറെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഇവർ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കൈമാറുന്നു.

ഇന്നിപ്പോൾ കേരളത്തിലെ പാതയോരങ്ങളിൽ കൂടിക്കിടക്കുന്ന മാലിന്യക്കൂനകൾ ഏതാണ്ട് ഇല്ലാതായിരിക്കുന്നു. പ്ലാസ്റ്റിക് കത്തിക്കുന്നതും ഗണ്യമായി കുറഞ്ഞിരിക്കുന്നു. അതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളും അന്തരീക്ഷ മലിനീകരണവും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും കുറഞ്ഞുവരുന്നു.

10000 ടണ്ണിലേറെ പ്ലാസ്റ്റിക് മാലിന്യം അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലൂടെ പുറന്തള്ളപ്പെട്ടിരുന്ന കാർബൺ ഡൈ ഓക്സൈഡിനെ ഒഴിവാക്കി കാലാവസ്ഥയെ മെച്ചപ്പെടുത്താൻ വലിയൊരു പങ്കാണ് ഈ മാലിന്യ ശേഖരണത്തിലൂടെ സാധ്യമാകുന്നത്.

ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും മുഴുവനായി ഇങ്ങനെ ഒരു വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനമില്ല എന്നതും ശ്രദ്ധേയം.



മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ കാരക്കുന്ന് ജംഗ്ഷനിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് നൽകിയ ബോട്ടിൽ ബൂത്ത് സ്ഥാപനം വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസ്കർ ആമയൂർ ഉദ്ഘാടനം ചെയ്തു.

# കരുത്തോടെ കാസർഗോഡ്

ജലസംരക്ഷണം, കൃഷി-പരിസ്ഥിതി പുനസ്ഥാപനം, മാലിന്യമുക്ത ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ എന്നിവയിൽ ഹരിതകേരളം മിഷൻ കാസർഗോഡ് ജില്ല മികച്ച പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

ജില്ലയിലെ 41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കി ജില്ല ജലസുരക്ഷ പ്ലാനിലേക്ക് എത്തി നിൽക്കുകയാണ്. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ജില്ലാ ജലബജറ്റ് റിപ്പോർട്ട് പ്രകാശനവും നടന്നു. ആദ്യഘട്ടത്തിൽ ജലബജറ്റ് തയ്യാറാക്കിയ കാഞ്ഞങ്ങാട് ബ്ലോക്കിൽ നീരുറവ് പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്രിട്ടിക്കൽ ബ്ലോക്കായ കാസർഗോഡും സെമിക്രിട്ടിക്കൽ ബ്ലോക്കായ മഞ്ചേശ്വരത്തും ജില്ല - ബ്ലോക്ക്തല സാങ്കേതിക സമിതികൾ ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് ഉള്ള ജില്ലയാണ് കാസർഗോഡ്. നിലവിൽ 21794 സെന്റിൽ 771 പച്ചത്തുരുത്തുകൾ നിലവിലുണ്ട്. അതിൽ 80 കാവുകളും 13 കണ്ടൽത്തുരുത്തുകളും ഉൾപ്പെടുന്നു. ജില്ലയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് ഉള്ളത് മടിക്കൈ ഗ്രാമപഞ്ചായത്തി



ലാണ്. കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ ജി.യു.പി.എസ്. നാലിലാംകണ്ടം സ്കൂളിലെ ജൈവവൈവിധ്യ പഠനകേന്ദ്രം ജില്ലയിലെ മാതൃക പച്ചത്തുരുത്താണ്.

ജില്ലയിൽ കയ്യൂർ ചീമേനി, പിലിക്കോട്, ചെറുവത്തൂർ, വലിയപറമ്പ, തൃക്കരിപ്പൂർ, മടിക്കൈ, പുല്ലൂർ പെരിയ, കിനാനൂർ കരിന്തളം, പുത്തിഗെ, മുളിയാർ, ദേലംപാടി, ബേഡഡുക്ക എന്നീ 12 ഗ്രാമപഞ്ചായത്തുകളിലാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ നടപ്പിലാക്കുന്നത്. ഈ പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചവയാണ്. ഈ പഞ്ചായത്തുകളിൽ മാലിന്യസംസ്കരണം, പച്ചത്തുരുത്ത്, ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകി വരുന്നു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലയിൽ തിരഞ്ഞെടുത്ത 65 കലാലയങ്ങളും 12175 അയൽക്കൂട്ടങ്ങളും 656 വിദ്യാലയങ്ങളും ഹരിതപദവിയിലേക്ക് മാറുകയാണ്. 98 ശതമാനത്തോളം സർക്കാർ, അർദ്ധസർക്കാർ, സഹകരണസ്ഥാപനങ്ങളും ഹരിതപദവിക്ക് അർഹത നേടിയിട്ടുണ്ട്. തിരഞ്ഞെടുത്ത 34 പ്രധാന ടൗണുകളിൽ 32 ടൗണുകളും ശുചീകരണം നടന്ന് ഹരിത ടൗണുകളാക്കി മാറ്റുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജില്ലയിലെ 176 പൊതുസ്ഥലങ്ങളും കവലകളും ജനകീയമായി ശുചീകരിച്ച് വൃത്തിയാക്കിയിട്ടുണ്ട്. തിരഞ്ഞെടുത്ത 14 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ 13 എണ്ണവും ഹരിതപദവി നേടിയതാണ്. മാർച്ച് 30 നുള്ളിൽ ജില്ല സമ്പൂർണ ഹരിതപദവിയിലേക്ക് എത്തുംവിധമാണ് പ്രവർത്തനങ്ങൾ നടക്കുന്നത്.

മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ

ശുചിത്വ കേരളം സുസ്ഥിര കേരളം

# പത്തനംതിട്ട

പത്തനംതിട്ട ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2056 ഹരിതസ്ഥാപനങ്ങൾ, 770 ഹരിത വിദ്യാലയങ്ങൾ, 34 ഹരിത കലാലയങ്ങൾ, 8236 ഹരിത അയൽക്കൂട്ടങ്ങൾ, 2 ഹരിത ടൂറിസം കേന്ദ്രങ്ങൾ, 70 ഹരിത ടൗണുകൾ, 39 ഹരിത മാർക്കറ്റ് / പൊതുസ്ഥലങ്ങൾ എന്നിവയുടെ പ്രഖ്യാപനങ്ങൾ നടന്നു. മാലിന്യമുക്തം നവകേരളത്തിന്റെ ഭാഗമായി എല്ലാ സ്ഥാപനങ്ങളും സ്കൂളുകളും ടൗണുകളും കലാലയങ്ങളും ഹരിതമാക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്.

പത്തനംതിട്ട നഗരസഭയിലെ ടൗൺ സ്ക്വയർ, നഗരസഭയിലെ സർക്കാർ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന ജൈവമാലിന്യത്തിൽ നിന്നും ഉൽപാദിപ്പിച്ച ജൈവവളമായ പാം ബയോ ഗ്രീൻ മാന്വർ, പത്തനംതിട്ട കളക്ടേറ്റിലെ ജൈവ ജ്യോതി ഫുഡ് സ്കേപ്പിംഗ് പദ്ധതി എന്നിവയെല്ലാം മാലിന്യമുക്തം ജനകീയ ക്യാമ്പയിന്റെ ഭാഗമായിട്ടുള്ള മികച്ച മാതൃകാ പ്രവർത്തനങ്ങളാണ്.




## കരപ്പാത്ത് ടൗൺ സൗന്ദര്യവല്ക്കരണത്തിന് തുടക്കമായി

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ പിലിക്കോട് പഞ്ചായത്തിലെ കരപ്പാത്ത് ടൗൺ ജനങ്ങളുടെ സഹകരണത്തോടെ മാലിന്യ മുക്തമാക്കി സൗന്ദര്യവല്ക്കരണ പ്രവർത്തന തുടക്കം കുറിച്ചു. എം. രാജഗോപാലൻ MLA സൗന്ദര്യവല്ക്കരണ പരിപാടി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചാ



യത്ത് പ്രസിഡന്റ് പി.പി. പ്രസന്നകുമാരി അധ്യക്ഷത വഹിച്ചു. അജൈവ മാലിന്യ ശേഖരണ ബിന്നുകൾ, പൂച്ചട്ടികൾ എന്നിവ സ്പോൺസറിങ്ങിലൂടെ സ്ഥാപിച്ചു. ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ഓട്ടോ തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഹരിത കർമസേന എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# നീലക്കുറിഞ്ഞി

## ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം ശ്രദ്ധയാകർഷിക്കുന്നു

മൂന്നാറിനെ ആസ്വദിക്കാൻ എത്തുന്ന സഞ്ചാരികൾക്ക് ഈ പ്രദേശത്തിന്റെ ജൈവവൈവിധ്യ സവിശേഷതകളെ കുറിച്ച് അറിവ് പകരാനും അതുവഴി മൂന്നാർ സന്ദർശനം കൂടുതൽ ആസ്വാദ്യകരമാക്കാനും ലക്ഷ്യമിട്ടു 2023 ൽ ഹരിതകേരളം മിഷൻ ആരംഭിച്ച ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം സഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുന്നു. മൂന്നാർ മലനിരകളിലേക്കുള്ള പ്രവേശന കവാടമായ അടിമാലിയിലാണ് ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്കും, വിനോദസഞ്ചാരികൾക്കും, തദ്ദേശീയർക്കും ഈ പ്രദേശത്തെ പശ്ചിമഘട്ട മേഖലയിലെ തനത് ജൈവവൈവിധ്യത്തെക്കുറിച്ച് അവബോധം പകരുന്നതിന് വിപുലമായ സജ്ജീകരണങ്ങളാണ് കേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്നത്. കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾക്ക് 45 മിനിറ്റോളം മൂന്നാറിന്റെ ജൈവസമ്പത്ത് കണ്ടും കേട്ടും അനുഭവിച്ചും ആസ്വദിക്കാവുന്ന തരത്തിലാണ് സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്. മൂന്നാറിലെ പ്രധാന ആവാസ വ്യവസ്ഥകളായ നിത്യഹരിത വനങ്ങളെയും, ഷോല വനങ്ങളെയും, പുൽമേടുകളെയും ഇവിടങ്ങളിലെ തദ്ദേശീയരായ ജീവജാലങ്ങളെയും നേരിട്ട് കണ്ട് അനുഭവിക്കാവുന്ന രീതിയിൽ ജീവൻ തുടിക്കുന്ന ത്രിമാന മാതൃകകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം ഭീമൻ ചിതൽ പുറ്റും മുഖ്യ ആകർഷണമാണ്. പശ്ചിമഘട്ടത്തിലെ സമൃദ്ധവും സമ്പന്നവുമായ ജൈവവൈവിധ്യത്തിലേക്ക് വാതിൽ തുറക്കുന്ന 25 ഡിസ്പ്ലേ പാനലുകൾ, ഇന്ററാക്ടീവ് ടച്ച്സ്ക്രീൻ കിയോസ്കുകൾ, മൂന്നാറിലേക്ക് എത്തുന്ന സഞ്ചാരികളെ ആകർഷിക്കുന്ന 15 ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകൾ രേഖപ്പെടുത്തിയ ത്രിമാന ഭൂപടം എന്നിവ വ്യത്യസ്തമായ അനുഭവം പകരുന്നു. മൂന്നാർ ഭൂപ്രകൃതിയിൽ കാണപ്പെടുന്ന വിവിധതരം സസ്യങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ, ഉരഗങ്ങൾ, ഉഭയജീവികൾ, ചിത്രശലഭങ്ങൾ, തുമ്പികൾ, ഓർക്കിഡുകൾ, സസ്തനികൾ, വംശനാശ ഭീഷണി നേരിടുന്ന ജീവികൾ തുടങ്ങിയവയുടെ ജീവൻ തുടിക്കുന്ന ഛായാചിത്രങ്ങൾ ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ പുറം ചുവരുകളെ മനോഹരവും അധിക വിജ്ഞാന സംവേദനക്ഷമവുമാക്കുന്നു. മുൻ വർഷത്തെപ്പോലെ ഇത്തവണയും വേനലവധിക്കാലത്ത് കുട്ടികൾക്കായി പ്രത്യേക ജൈവവൈവിധ്യ പഠന ക്യാമ്പുകൾ ഒരുക്കാൻ കേന്ദ്രം സജ്ജമായി കഴിഞ്ഞു.



## മാനന്തവാടി മുനിസിപ്പാലിറ്റി KSRTC ഡിപ്പോ ഹരിത ഡിപ്പോ പ്രഖ്യാപനം നടത്തി

മാലിന്യ മുക്തം നവകേരളം ജനകിയ ക്യാമ്പയിന്റെ ഭാഗമായി വയനാട് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ കെ എസ് ആർ ടി സി ഡിപ്പോ ഹരിത ഡിപ്പോ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ഡിപ്പോയിൽ നടന്നു. മാനന്തവാടി നഗരസഭാ ചെയർപേഴ്സൺ സി.കെ രത്നവല്ലി ഡിപ്പോ ഉദ്യോഗസ്ഥർക്ക് സർട്ടിഫിക്കറ്റ് കൈമാറി.നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ ജേക്കബ് സെബാസ്റ്റിയൻ അധ്യക്ഷത വഹിച്ചു.



## വളവന്നൂർ ഗ്രാമപഞ്ചായത്ത് ശുചീകരണ യജ്ഞം തൂവ്വക്കാട് അങ്ങാടിയിൽ

മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി തൂവ്വക്കാട് അങ്ങാടി ശുചീകരിച്ചു. വളവന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നജ്മത്ത് പി.സി. ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ നശീദ അൻവർ, ജനപ്രതിനിധികളായ നഫീസു, കെ. സുരേന്ദ്രൻ, അബ്ദുൾ കരീം, കേരള വ്യാപാരി വ്യവസായി പ്രസിഡന്റ് പി.സി. സെയ്തലവി, കെ. നാസർ, സി. ഹാരിസ്, കെ. വിജയൻ, ടി.കെ. സിദ്ദീഖ് എന്നിവർ സംസാരിച്ചു. വ്യാപാരികൾ, ഓട്ടോ ഡ്രൈവേഴ്സ്, ആശാവർക്കേഴ്സ്, കന്മനം എ.എം.എൽ.പി. സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ്, വിവിധ ക്ലബ്ബ് അംഗങ്ങൾ, പൊതുപ്രവർത്തകർ, ഹരിത കർമസേന അംഗങ്ങൾ, എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.



## 11 ദിവസം; 1000 ലധികം പ്രവർത്തകർ നീക്കിയത് 45 ടണ്ണിലധികം മാലിന്യം;
# ചരിത്ര വിജയമായി മൂന്നാറിലെ മാലിന്യനീക്കം

മാലിന്യം നീക്കാൻ പഞ്ചായത്ത് അധികൃതരും സാമൂഹിക-സന്നദ്ധ സംഘടനകളും വിവിധ സർക്കാർ വകുപ്പുകളും പൊതുജനങ്ങളും ഒറ്റക്കെട്ടായി രംഗത്തിറങ്ങിയതോടെ മൂന്നാറിലെ മാലിന്യനീക്കം ചരിത്രമായി. 'മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ' ഭാഗമായാണ് മൂന്നാർ ഗ്രാമപഞ്ചായത്ത് സീറോവേസ്റ്റ് മെഗാക്ലീനപ്പ് ഡ്രൈവ് എന്ന പേരിൽ ജനകീയ ശുചീകരണയജ്ഞം സംഘടിപ്പിച്ചത്. ജനകീയ പങ്കാളിത്തത്തോടെ മൂന്നാറിനെ മാലിന്യമുക്തമാക്കുക എന്നതായിരുന്നു ലക്ഷ്യം.

വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർ മാലിന്യം തള്ളുന്നത് പതിവായതോടെയാണ് മൂന്നാർ ഗ്രാമപഞ്ചായത്ത് ജനകീയ ശുചീകരണയജ്ഞവുമായി മുന്നിട്ടിറങ്ങിയത്. പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങൾ, എൻജിഒകൾ, തദ്ദേശ സംഘടനകൾ, വളണ്ടിയർ ഗ്രൂപ്പുകൾ എന്നിവരെ ഉൾപ്പെടുത്തി.

ഹിൽദാരി എന്ന എൻജിഒയുടെ സാങ്കേതിക സഹായത്തോടെ മൂന്നാർ ടൗണിലും റെസിഡൻഷ്യൽ ഏരിയകളിലുമുള്ള മാലിന്യ ദുർബല പോയിന്റുകൾ (ജിവിബി) മാപ്പ് ചെയ്തു, മുൻഗണനാ മേഖലകൾ നിശ്ചയിച്ചു. ഇതുപ്രകാരം മൂന്നാർ ടൗണിനെ 16 ക്ലസ്റ്ററുകളും ജനവാസ മേഖലകളെ 19 അധിക ക്ലസ്റ്ററുകളുമാക്കി തിരിച്ച് പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി.

പാതയോരങ്ങളിലും പുഴകളിലും ജനവാസമേഖലകളിലും ഒഴിഞ്ഞ ഇടങ്ങളിലും വർഷങ്ങളായി കുന്നുകൂടിയ മാലിന്യം ഘട്ടംഘട്ടമായി നീക്കാനാരംഭിച്ചു. ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് നീക്കി. മുതിരപ്പുഴയാർ, നല്ലതണ്ണിപ്പുഴ, കുണ്ടളയാർ, നടയാർപ്പുഴ തുടങ്ങിയവയെല്ലാം കഠിന പ്രയത്നത്തിലൂടെയാണ് വൃത്തിയാക്കിയത്. ശേഖരിച്ച മാലിന്യം നല്ലതണ്ണി കല്ലാറിൽ പ്രവർത്തിക്കുന്ന മൂന്നാർ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് മാറ്റി

2025 മാർച്ച് 3 മുതൽ മാർച്ച് 15 വരെ 11 ദിവസത്തെ തീവ്രമായ ശുചീകരണ പ്രവർത്തനത്തിലൂടെ 45 ലധികം ടൺ മാലിന്യം ശേഖരിച്ചു. ഹരിതകേരളം മിഷൻ, ഹിൽദാരി, ശുചിത്വ മിഷൻ, പ്രാദേശിക വ്യാപാരികൾ, റസിഡന്റ് അസോസിയേഷനുകൾ, കെഡിഎച്ച്പി, പരിസ്ഥിതി ഗ്രൂപ്പുകൾ എന്നിവയുൾപ്പെടെ 45 ലധികം കൂട്ടായ്മകളിൽ നിന്നുള്ള 1,000 ലധികം വളണ്ടിയർമാർ മൂന്നാറിനായി കൈകോർത്തു.

വൃത്തിയാക്കിയ പാതയോരങ്ങളിലോ, പുഴകളിലോ, ജനവാസകേന്ദ്രങ്ങളിലോ മാലിന്യം തള്ളുന്നത് തടയാൻ ജനകീയ നിരീക്ഷണ സംവിധാനം, ജനകീയ ഇൻഫോഴ്സ്മെന്റ്, മാലിന്യ ഉത്തരവാദിത്വ ബോധവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ഓരോ ക്ലസ്റ്ററുകളിലെയും പ്രാദേശിക അസോസിയേഷനുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുടെ സഹായത്തോടെ നടപ്പിലാക്കും.

ലക്ഷ്യബോധമുള്ളതും സുസ്ഥിരവുമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്ന ക്ലസ്റ്റർ അധിഷ്ഠിത ക്ലീനിംഗ് മോഡൽ, ബഹുതലസ്പർശിയായ വലിയ സാമൂഹിക ജനപങ്കാളിത്തം എന്നിവ ഈ പരിപാടിയെ വേറിട്ടതാക്കി.

# നാട്ടുപച്ചയിലൂടെ പച്ചപ്പിലേക്ക്

സമ്പൂർണ്ണ മാലിന്യമുക്ത ബ്ലോക്ക് പഞ്ചായത്താക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കല്യാശേരിയിൽ 'നാട്ടുപച്ച' പദ്ധതിക്ക് തുടക്കമായി. ഇരിണാവ് ആനംകൊച്ചലിൽ നടന്ന ബ്ലോക്ക് തല ഉദ്ഘാടനം നവകേരളം കർമപദ്ധതി കണ്ണൂർ ജില്ലാ കോർഡിനേറ്റർ ഇ. കെ. സോമശേഖരൻ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി. ഷാജിർ അധ്യക്ഷത വഹിച്ചു. ഹരിത കർമസേനാംഗങ്ങളെ ആദരിച്ചു. എട്ടു വാർഡുകളിലാണ് ആദ്യം പദ്ധതി നടപ്പിലാക്കുക. ബഹുജന പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനങ്ങളും ശുചിത്വ പ്രവർത്തനവുമാണ് പദ്ധതിയിൽ പ്രധാനപ്പെട്ടത്. ഹരിത പാതയോരം, എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ, സ്ഥിരം ജാഗ്രതാസമിതികൾ,




ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കൽ, ജലസ്രോതസ്സുകളുടെ നവീകരണവും സംരക്ഷണവും എന്നിവ നടപ്പാക്കും.

# പൂക്കോട് തടാകം
## ഇനി ഹരിതടൂറിസം കേന്ദ്രം



വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും ഡി.ടി.പി.സിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ ഹരിത ടൂറിസം പ്രഖ്യാപനവും സാക്ഷ്യപത്രം കൈമാറലും പൂക്കോട് തടാകം ക്ലീനിങ് സ്റ്റാഫിനെ അനുമോദിക്കലും വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.വി. വിജേഷ് നിർവഹിച്ചു. വൈസ് പ്രസിഡന്റ് ഉഷ ജ്യോതിദാസ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി സജീഷ് ചടങ്ങിന് സ്വാഗതം പറഞ്ഞു. പൂക്കോട് തടാകം വിനോദസഞ്ചാര കേന്ദ്രം അസിസ്റ്റന്റ് മാനേജർ രവീന്ദ്രൻ സാക്ഷ്യപത്രം ഏറ്റുവാങ്ങി. മാലിന്യമുക്തമായ പരിസരം, മാലിന്യ സംസ്കരണ ഉപാധികൾ, ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ടോയ്‌ലെറ്റുകളുടെ ശുചിത്വം, ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൽ, ജല ലഭ്യത, ഗ്രീൻ ചെക്ക് പോസ്റ്റ് തുടങ്ങിയ എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടാണ് ടൂറിസം കേന്ദ്രത്തിന്റെ പ്രവർത്തനം.

## മൊഞ്ചുള്ള ചാനടുക്കം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിലെ 9, 10 വാർഡുകളിൽ ഉൾപ്പെട്ട ചാനടുക്കം ടൗൺ ജനകീയമായി മാലിന്യ മുക്തമാക്കി സൗന്ദര്യവല്ക്കരിച്ചു. ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ഓട്ടോ



തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, വ്യാപാരികൾ എന്നിവരടങ്ങുന്ന സംഘാടക സമിതിയുടെ നേതൃത്വത്തിലാണ് ടൗണും പരിസരവും ശുചീകരിച്ച് സൗന്ദര്യവല്ക്കരിച്ചത്. ഇതിന്റെ ഭാഗമായി റോഡിന്റെ ഇരുഭാഗങ്ങളിലും ചെടിച്ചട്ടി വച്ച് പിടിപ്പിച്ചു. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ബിന്നുകളും ബോട്ടിൽ ബൂത്തും സ്ഥാപിച്ചു. 'മൊഞ്ചുള്ള ചാനടുക്കം'ത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ജി. അജിത് കുമാർ നിർവഹിച്ചു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് മെമ്പർ കെ. ശശികല അധ്യക്ഷത വഹിച്ചു.

## നാറണംമൂഴി ഗ്രാമപഞ്ചായത്തിൽ
# ജലബജറ്റ്

പത്തനംതിട്ട നാറണംമൂഴി ഗ്രാമപഞ്ചായത്തിലെ ജലബജറ്റ് പ്രകാശനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോണിയ മനോജ് നിർവഹിച്ചു. ജലബജറ്റ് റിപ്പോർട്ട് ഹരിതകേരളം മിഷൻ ആർ.പി. ആഷ്ന നാസർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി



എന്നിവർക്ക് കൈമാറി. വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. വൈസ് പ്രസിഡന്റ്, മറ്റു ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ പങ്കെടുത്തു.

# ധോണി ഇക്കോ ടൂറിസം
## ഹരിത ടൂറിസം കേന്ദ്രമായി

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ ധോണി ഇക്കോ ടൂറിസം ഹരിത ടൂറിസം കേന്ദ്രമായി എ. പ്രഭാകരൻ എം.എൽ.എ. പ്രഖ്യാപിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി. ആർ. ബിന്ദു അധ്യക്ഷത വഹിച്ചു. മലമ്പുഴ ബ്ലോക്ക് പ്രസിഡന്റ് വി. ബിജോയ്, പുതുപ്പരിയാരം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ, പഞ്ചായത്ത് സെക്രട്ടറി, കെ. കാഞ്ചന, സ്ഥിരം സമിതി ചെയർപേഴ്സൺ സുനിത സത്താർ, ഒലവക്കോട്



റേഞ്ച് ഓഫീസർ ഇമ്രോസ്, വനംവകുപ്പ് ഉദ്യോഗസ്ഥർ, ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺ എന്നിവർ പങ്കെടുത്തു. വിനോദസഞ്ചാര കേന്ദ്രമായ ഇവിടുത്തെ പ്രധാന ആകർഷണം ധോണി വെള്ളച്ചാട്ടവും ഫാം ഹൗസുമാണ്. ഈ ടൂറിസം കേന്ദ്രം പ്ലാസ്റ്റിക് രഹിത മേഖലയാണ് .മാലിന്യപരിപാലനം കൃത്യമായി നടക്കുന്ന ഇവിടെ ബിന്നുകളും ബോട്ടിൽ ബൂത്തും നിർദ്ദേശക ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.



## ശുചിത്വ ടൗൺ മാതൃകയൊരുക്കി

# തലക്കുളത്തൂർ

ശുചിത്വ കേരളം സുസ്ഥിര കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടിരി, കച്ചേരി, പറമ്പത്ത്, അണ്ടിക്കോട്, വികെ റോഡ്, അന്നശ്ശേരി, പട്ടർപാലം എന്നീ 7 ടൗണുകൾ ഹരിത ടൗണുകൾ ആയി പ്രഖ്യാപിക്കാൻ തീരുമാനമെടുക്കുകയും അതിൽ കച്ചേരി ടൗൺ ചെടികൾ വെച്ചു സൗന്ദര്യവത്കരിക്കുകയും പൊതുജനങ്ങൾക്ക് ഇരിപ്പിടമൊരുക്കുകയും ചെയ്തു. ആദ്യഘട്ടം എന്ന നിലയ്ക്ക് ഗ്രാമപഞ്ചായത്തിൽ അഞ്ചംഗ വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചു. സ്ക്വാഡിന്റെ നേതൃത്വത്തിൽ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും പരിശോധന നടത്തുകയും മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്ത വീടുകളും സ്ഥാപനങ്ങളും കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജൈവ അജൈവ സംവിധാനങ്ങൾ ഒരുക്കി ഗ്യാപ്പുകൾ നികത്തുകയും ചെയ്തു. 17 വാർഡുകളിലായി 34 ഹരിത കർമസേനാംഗങ്ങൾ ആണ് ഉള്ളത്. ഒരു എംസിഎഫും 17 മിനി എംസിഎഫും രണ്ടു തുമ്പൂർമുഴിയും നിലവിലുണ്ട്. ജനകീയ ക്യാമ്പയിനിൽ പഞ്ചായത്ത് തലത്തിൽ തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യ കൂനകൾ കണ്ടെത്തി നീക്കം ചെയ്തു ചെടികൾ നട്ട് സൗന്ദര്യവൽക്കരണം നടത്തുകയും ചെയ്തു. തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 'ഗ്രീൻ തലക്കുളത്തൂർ ക്ലീൻ തലക്കുളത്തൂർ' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് ടീമിന്റെയും ഭരണസമിതിയുടെയും തീരുമാനപ്രകാരം 'പൊൻപുലരി' എന്ന ഉദ്യമത്തിന് തുടക്കം കുറിച്ചു. പുറക്കാട്ടിരി പാലം മുതൽ ചോയിക്കുളം വരെ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തത്തോടെ സ്റ്റേറ്റ് ഹൈവേ 11 ക്ലസ്റ്ററുകൾ ആക്കി തിരിച്ചുകൊണ്ട് പാതയോരം മുഴുവനായും മാലിന്യമുക്തമാക്കി. ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയിലും പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിലും പഞ്ചായത്ത് പൊതു ബിന്നുകൾ സ്ഥാപിച്ചു. പ്രധാന കവലകളിലും പുഴയോരങ്ങളിലും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു.

## ഇടുക്കി ജില്ലാതല
## ഹരിത അയൽക്കൂട്ട പ്രഖ്യാപനവും ഹരിത റസിഡൻസ് അസോസിയേഷൻ പ്രഖ്യാപനവും

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ 10,819 (97%) കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറണാകുന്നേൽ ഹരിത അയൽക്കൂട്ടമായി പ്രഖ്യാപിച്ചു. ജില്ലയിലാകെ 11,153 അയൽക്കൂട്ടങ്ങളാണുള്ളത്. കുടയത്തൂർ പഞ്ചായത്തിലെ ശരംകുത്തി റസിഡൻസ് അസോസിയേഷനെ ഹരിത റസി. അസോസിയേഷനായും പ്രഖ്യാപിച്ചു. ജില്ലയിലെ മാലിന്യമുക്ത ക്യാമ്പയിന്റെ ഇതുവരെയുള്ള പ്രവർത്തന നേട്ടങ്ങളും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രഖ്യാപിച്ചു. ജില്ലയിലെ 3196 സ്ഥാപനങ്ങൾ(92.36%), 531 ഹരിത വിദ്യാലയങ്ങൾ (95%), 61 കലാലയങ്ങൾ (76%), ആറ് ടൂറിസം കേന്ദ്രങ്ങൾ (10%) 172 ടൗണുകൾ, (76%) 111 പൊതു സ്ഥലങ്ങൾ (63%) എന്നിങ്ങനെയാണ് ജില്ലയുടെ മാലിന്യമുക്ത പ്രവർത്തനങ്ങളുടെ മുന്നേറ്റം.

ഹരിത പ്രഖ്യാപന സമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.എൻ. ഷിയാസ് അധ്യക്ഷനായി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഡോ. അജയ് പി. കൃഷ്ണ വിഷയം അവതരിപ്പിച്ചു. ശരംകുത്തി റസി. അസോ. പ്രസിഡന്റ് ഡോ. കെ. റോയി സെബാസ്റ്റ്യൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടോമി കാവാലം, ജില്ലാ പഞ്ചായത്ത് അംഗം പ്രൊഫ. എം.ജെ. ജേക്കബ്, ബ്ലോക്ക് ഡിവിഷൻ അംഗം മിനി ആന്റണി, കുടയത്തൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആഞ്ജലീന സിജോ, സ്റ്റാന്റിങ് കമ്മിറ്റി അധ്യക്ഷ പുഷ്പ വിജയൻ, സി.ഡി.എസ്. അധ്യക്ഷ സിനി സാബു, പഞ്ചായത്ത് സെക്രട്ടറി രഞ്ജിത് ബിജുകുമാർ, അസി. സെക്രട്ടറി സാം ജോസ് കുടുംബശ്രീ പ്രോഗ്രാം മാനേജർ തുടങ്ങിയവർ സംബന്ധിച്ചു. ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയ മാലിന്യ പരിപാലന മാനദണ്ഡങ്ങൾ പാലിച്ചതായി സി.ഡി.എസും സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് അയൽക്കൂട്ടങ്ങളുടെ ഹരിത പ്രഖ്യാപനങ്ങൾ നടത്തിയത്.

# ഹരിതടൂറിസം കേന്ദ്രമായി കടലുണ്ടി ബീച്ച്

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി മലപ്പുറം വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ടൂറിസം കേന്ദ്രമായ കടലുണ്ടി ബീച്ചിനെ ഹരിത വിനോദസഞ്ചാര കേന്ദ്രമായി പ്രഖ്യാപിച്ചു. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. ശൈലജ ടീച്ചർ ഉദ്ഘാടനം നിർവഹിച്ചു. ഹരിത ടൂറിസം സാക്ഷ്യപത്രം ഹരിതകേരളം മിഷൻ ജില്ലാ ടെക്നിക്കൽ അസിസ്റ്റന്റ് ഹരിപ്രസാദ് സി.എം. പഞ്ചായത്ത് പ്രസിഡന്റിന് കൈമാറി. ജനകീയ കമ്മിറ്റി രൂപീകരിക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തും ടൂറിസം വകുപ്പും ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കാനുള്ള ആലോചനയുണ്ടെന്ന് പ്രസിഡന്റ് അറിയിച്ചു.





# തോൽപ്പെട്ടി വന്യജീവി സങ്കേതം ഹരിത ടൂറിസം കേന്ദ്രമായി

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വയനാട് തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ തോൽപ്പെട്ടി വന്യജീവി സങ്കേതം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. ഇതോടനുബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് വിതരണം ടൂറിസം കേന്ദ്രത്തിൽ നടന്നു. തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. ബാലകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. വന്യജീവി സങ്കേതം അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എ.ടി. ഷിബുകുട്ടന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർട്ടിഫിക്കറ്റ് കൈമാറി. ചടങ്ങിൽ വാർഡ് മെമ്പർമാർ, ഡെപ്യൂട്ടി റേഞ്ച് ഓഫീസർ, ഹരിതകേരളം മിഷൻ ആർ.പി. തുടങ്ങിയവർ സംസാരിച്ചു. ഓഫീസ് സ്റ്റാഫ്, ഹരിത കർമസേന അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

# നെല്ലിപൊയിൽ ഇനി ഹരിത ടൗൺ



ജനപങ്കാളിത്തത്തോടുകൂടി ശുചിത്വ - മാലിന്യ പരിപാലനരംഗത്തും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളിലും മികച്ച മാതൃക ആവുകയാണ് കോഴിക്കോട് കോടഞ്ചേരി ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിലെ നെല്ലിപൊയിൽ ടൗൺ ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ എം. ഗൗതമൻ കെ.എ.എസ്. ഹരിത ടൗൺ ആയി പ്രഖ്യാപിച്ചു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒ.ഐ.എസ്.സി.എ. ഇന്റർനാഷണൽ ട്രസ്റ്റ് എന്ന സംഘടനയുടെ സഹായത്തോടെ പഞ്ചായത്തിലെ സാംസ്കാരിക വായനശാല, വ്യാപാര വ്യവസായ സമിതി, നെല്ലിപൊയിൽ സെന്റ് തോമസ് ചർച്ച്, ടൗണിലെ വിദ്യാലയങ്ങളിലെ അധ്യാപകർ, ഓട്ടോ ടാക്സി തൊഴിലാളികൾ എന്നിവർ ചേർന്ന് ജനകീയ ശുചീകരണം നടത്തി 1 കിലോമീറ്ററോളം വരുന്ന ടൗൺ മുഴുവനും പൂച്ചെടികൾ വെച്ച് പിടിപ്പിച്ചു. ജൈവ, അജൈവ മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യാൻ കമ്മിറ്റികളും രൂപീകരിച്ചു.

# പിറവന്തൂരിൽ ഹരിത പ്രഖ്യാപനവും ടൗൺ സൗന്ദര്യവൽക്കരണവും

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കൊല്ലം പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ ഹരിത പ്രഖ്യാപനവും ടൗൺ സൗന്ദര്യവൽക്കരണ ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്വാഗതം ആശംസിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ, ജനപ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, ഹരിത കർമസേന അംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, അംഗൻവാടി ജീവനക്കാർ, ആശാ പ്രവർത്തകർ, വിവിധ സ്കൂളിലെ വിദ്യാർഥികൾ, അധ്യാപകർ, എൻജിനീയറിങ് കോളേജ്, അയ്യങ്കാളി ആർട്സ് ആൻഡ് സയൻസ് കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്കൂളുകളും,



കലാലയങ്ങളും, സ്ഥാപനങ്ങളും അയൽക്കൂട്ടങ്ങളും ഹരിത വിദ്യാലയങ്ങളായും, ഹരിത കലാലയങ്ങളായും, ഹരിതസ്ഥാപനങ്ങളായും, ഹരിത അയൽക്കൂട്ടങ്ങളായും പ്രഖ്യാപിച്ചു.

# മാലിന്യമുക്ത വിദ്യാലയമായി കൊഞ്ചിറ യുപി സ്കൂൾ

മാലിന്യ നിർമാർജനത്തിനായി ബയോപാർക്ക് പ്രവർത്തനമാരംഭിക്കുന്നതോടെ മാലിന്യമുക്ത വിദ്യാലയമായി തിരുവനന്തപുരം ജില്ലയിലെ കൊഞ്ചിറ സർക്കാർ യുപി സ്കൂൾ മാറുകയാണെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ. സ്കൂളിലെ ബയോപാർക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്കൂളിന് അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണവും ഉടൻ ആരംഭിക്കുകയാണ്. പുതിയ സ്കൂൾ ബസ്സും പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചു. കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനും ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാക്കാനും അധ്യാപകരും സർക്കാരിനൊപ്പം പ്രവർത്തിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

ശുചിത്വ മിഷന്റെ നേതൃത്വത്തിൽ എട്ട് ലക്ഷം രൂപ വിനിയോഗിച്ചാണ് മാലിന്യനിർമാർജനത്തിനായി സ്കൂളിൽ ബയോപാർക്ക് നിർമ്മിച്ചത്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വർണ്ണ കൂടാരം സാധ്യമാകുന്നത്. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ വെമ്പായം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന ജയൻ, കൊഞ്ചിറ വാർഡ് മെമ്പർ എം. സതീശൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഹെഡ്മാസ്റ്റർ പവിത്രൻ എം. തുടങ്ങിയവർ പങ്കെടുത്തു.

# കുറുവദ്വീപ്

## ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനം

മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി വയനാട് കുറുവ ദ്വീപിനെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. നഗരസഭ ചെയർപേഴ്സൺ സി.കെ. രത്നവല്ലി പ്രഖ്യാപനം നടത്തി. ടൂറിസം കേന്ദ്രം മാനേജർക്ക് സർട്ടിഫിക്കറ്റ് കൈമാറി. നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ ജേക്കബ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു.

ജൈവ അജൈവ മാലിന്യ സംസ്കരണം, ടോയ്‌ലെറ്റുകൾ, ഗ്രീൻ പ്രോട്ടോകോൾ, ദ്രവ മാലിന്യ സംസ്കരണം, പൊതു ശുചിത്വം, പരിസ്ഥിതി സംരക്ഷണം, തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് പ്രഖ്യാപനം നടത്തിയത്.

പരിപാടിയിൽ ടൂറിസം കേന്ദ്രം മാനേജർ രതീഷ് സ്വാഗതം പറഞ്ഞു. മുനിസിപ്പാലിറ്റി ക്ലീൻ സിറ്റി മാനേജർ ബിജോയ് ചന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. കുറുവ ഡി.എം.സി. ക്ലർക് ശ്രീന, ഹരിതകേരളം റിസോഴ്സ് പേഴ്സൺ അഖില, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സുനിൽ കുമാർ എന്നിവർ സംസാരിച്ചു.



# ശ്രീകാര്യം ലൊയോള കോളേജ് ഇനി ഹരിത ക്യാമ്പസ്



തിരുവനന്തപുരം ശ്രീകാര്യം ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് ക്യാമ്പസിന് ഹരിതകേരളം മിഷന്റെ A+ ഗ്രേഡോടുകൂടിയ ഹരിത ക്യാമ്പസ് സർട്ടിഫിക്കറ്റ് ലഭിച്ചു. കോളേജിലെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും സന്ദർശകർക്കും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളും, 'ശുചിത്വ കേരളം സുസ്ഥിര കേരളം' എന്നുള്ള ഹരിതകേരളം മിഷന്റെ സന്ദേശത്തെക്കുറിച്ചുള്ള ബോധവൽക്കരണം നൽകിയും പരിസര ശുചീകരണം പാലിച്ചുമാണ് ഇത് സാധ്യമായത്. അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ ഹരിത കർമസേനയ്ക്ക് കൈമാറൽ, ശാസ്ത്രീയമായി ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കൽ, കൃത്യമായ ദ്രവമാലിന്യ സംസ്കരണം, വൃത്തിയായ പരിസര പരിപാലനം, കുടിവെള്ള സ്രോതസിന്റെ പരിപാലനം തുടങ്ങിയ നിരവധി മാനദണ്ഡങ്ങൾ പരിശോധിച്ചതിനു ശേഷമാണ് ഹരിത പ്രഖ്യാപനം നടത്തുന്നത്. ലൊയോള കോളേജിന്റെ ക്യാമ്പസിലെ ഹരിതാവസ്ഥയും മാലിന്യ നിർമ്മാർജ്ജനവും ഉറപ്പാക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ എല്ലാ ബുധനാഴ്ചയും ക്യാമ്പസ് ശുചീകരണ പ്രവർത്തനം നടത്തുന്നു. പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത് കൂടാതെ ഭൂമിത്രസേന ക്ലബിന്റെ പ്രവർത്തനങ്ങളും കോളേജിൽ സജീവമാണ്. സാമൂഹ്യ ശാസ്ത്ര സ്ഥാപനം എന്ന രീതിയിൽ മാലിന്യ സംസ്കരണ അവബോധം വളർത്തുന്നതിൽ ക്ലീനിങ് ക്യാമ്പുകൾ, തെരുവ് നാടകങ്ങൾ എന്നിവയിലും കോളേജ് സജീവമാണ്.

ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർ പി. അജയകുമാർ പ്രിൻസിപ്പൽ ഡോ. സാബു പി. തോമസിന് ഹരിതകലാലയ സർട്ടിഫിക്കറ്റ് കൈമാറുകയും പദ്ധതി വിശദീകരണം നടത്തുകയും ചെയ്തു. ഉള്ളൂർ സോണൽ HI സുനിത, JHI ഷംല ഇർഷാദ്, JHI ഷൈനി, JHI വിബിൻലസ്, ഹരിതകേരളം മിഷൻ ആർ.പി. റസീന എൻ., എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. നിഷ ജോളി നെൽസൺ, ഭൂമിത്രസേന ക്ലബ് കോർഡിനേറ്റർ ഡോ. ജോയ്സ് കെ. ജോസഫ് എന്നിവർ പങ്കെടുത്തു.

# ഇത് വട്ടവട വിപ്ലവം

ഇടുക്കി ജില്ലയിലെ മൂന്നാർ ടൗണിൽ നിന്നും 40 കിലോമീറ്ററിലധികം അകലെ തമിഴ്നാട് അതിർത്തിയോട് ചേർന്നു നിൽക്കുന്ന ഗവ. എച്ച്.എസ്.എസ്. വട്ടവട എന്ന വിദ്യാലയത്തിലെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾ പ്രത്യേക ശ്രദ്ധ നേടുന്നുണ്ട്. 66,000 - ത്പരം ലൈബ്രറി പുസ്തകങ്ങൾ, ആധുനികരീതിയിൽ തയ്യാറാക്കപ്പെട്ട ലാബുകൾ, സ്മാർട്ട് ക്ലാസ് മുറികൾ എന്നിങ്ങനെ വിവിധങ്ങളായ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പാർശ്വവത്കൃതമേഖലയിലെ കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക, തുല്യ പഠനാവസരങ്ങൾ ഒരുക്കുക എന്നീ സർക്കാരിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്റെ ഉത്തമോദാഹരണമാണ് ഗവ. എച്ച്.എസ്.എസ്. വട്ടവട.

# കുറുമാത്തൂരും കൂത്തുപറമ്പും ഇനി സമ്പൂർണ്ണ ഹരിത തദ്ദേശസ്ഥാപനങ്ങൾ



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട് ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് നടത്തിയ പ്രവർത്തനങ്ങളെ മുൻനിർത്തി കണ്ണൂർ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്, കൂത്തു പറമ്പ് നഗരസഭ എന്നീ തദ്ദേശ സ്ഥാപനങ്ങളെ സമ്പൂർണ്ണ ഹരിത തദ്ദേശസ്ഥാപനങ്ങൾ ആയി പ്രഖ്യാപിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പ്രഖ്യാപനം നടത്തി. കരിമ്പം ജൈവ വൈവിധ്യ കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ഹരിത പ്രഖ്യാപനവും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - ഡിപിആർ പ്രകാശനവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എം. സീനയുടെ അധ്യക്ഷതയിൽ ഡോ. ടി.എൻ. സീമ നിർവഹിച്ചു. കണ്ണൂർ ഗവ. എൻജിനീയറിങ് കോളേജാണ് ഗ്രാമപഞ്ചായത്തിന് വേണ്ടി നെറ്റ് സീറോ ഡിപിആർ തയ്യാറാക്കിയത്. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എം. കൃഷ്ണൻ ഹരിത പ്രഖ്യാപനം നടത്തിയ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങൾക്കുള്ള അനുമോദനം നിർവഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ പദ്ധതി വിശദീകരണം നടത്തി. കണ്ണൂർ ഗവ. എൻജിനീയറിങ് കോളേജ് പ്രിൻസിപ്പാൾ ഡോ. കെ.എൻ. രാജേഷ് മുഖ്യാതിഥിയായി പങ്കെടുത്തു. കൂത്തുപറമ്പ് മാറോളി ഘട്ടിൽ നടന്ന പരിപാടിയിൽ കൂത്തുപറമ്പ് നഗരസഭയെ സമ്പൂർണ്ണ ഹരിത നഗരസഭയായി ഡോ. ടി.എൻ സീമ പ്രഖ്യാപിച്ചു. കൂത്തുപറമ്പ് നഗരസഭാ ചെയർപേഴ്സൺ വി. സുജാത ടീച്ചർ അധ്യക്ഷത വഹിച്ചു. മികച്ച ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള ഉപഹാര സമർപ്പണവും ചടങ്ങിൽ നടന്നു. തുടർന്ന് നഗരസഭയുടെ മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനവും നടന്നു.

## കൊയിലാണ്ടിയുടെ ശുചിത്വ പെരുമ

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് കൊയിലാണ്ടി നഗരസഭ ഏറ്റെടുത്ത വേറിട്ട പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയമായതാണ് നഗര സൗന്ദര്യവത്കരണവും ഹരിത സിവിൽ സ്റ്റേഷനും. മാനസിക ഉല്ലാസം വർധിപ്പിക്കാനും ഒഴിവു നേരങ്ങൾ ഹരിത സുന്ദര നഗര ഹൃദയത്തിൽ ചിലവഴിക്കാനും ഉതകുന്നവയാണ് ഇവ. ജനങ്ങൾ, നല്ല നാളെയ്ക്കായുള്ള കാഴ്ചക്കാരാകാതെ ഈ ഉദ്യമത്തിൽ ഒന്നായി അണിചേരുകയും ചെയ്തു. ജനകീയ പങ്കാളിത്തത്തോടെ നിർമിച്ച ഇത്തരം ഹാപ്പിനസ് പാർക്കുകൾ, ശുചിത്വത്തിലും ഹരിത ശോഭയിലും മികച്ചു നിൽക്കുന്നവയാണ്. നഗരസഭയിലെ പ്രധാന ബസ്സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, കോടതി, താലൂക്ക് ആശുപത്രി, നഗരസഭ കാര്യാലയം, മിനി സിവിൽ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ, ധനകാര്യ സ്ഥാപനങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ തുടങ്ങി വിവിധ ഓഫീസുകൾ നഗരഹൃദയത്തിൽ പ്രവർത്തിക്കുന്നവയാണ്. ഇവിടേക്ക് ദൈനംദിനം വരുന്ന ജനങ്ങൾക്ക് തണലൊരുക്കുന്നൊരിടം കൂടിയാണ് ഈ ഹാപ്പിനസ് പാർക്കുകൾ. മാലിന്യകൂനകളായിരുന്ന ഇടങ്ങൾ ഇന്ന് മനോഹരമായ പാർക്കുകളാണ്. 5 പാർക്കുകളാണ് നിലവിൽ ഉള്ളത്. നഗരത്തിൽ ബസ് സ്റ്റാൻഡിന് വശത്തായി 3 പാർക്കുകളും, സിവിൽ സ്റ്റേഷന് സമീപം ഒന്നും, ജൈവവൈവിധ്യ കേന്ദ്രത്തിൽ ഒന്നുമാണ് ഉള്ളത്. മനോഹരമായ പുൽത്തകിടും, ഇരിപ്പിടങ്ങളും, ചെടികളും, മരങ്ങളും, മരങ്ങൾക്ക് ചുറ്റും ഇരിപ്പിടങ്ങളും. കുടിവെള്ള സൗകര്യം, വൈഫൈ, റേഡിയോ, ടി.വി കാണാനുള്ള സൗകര്യം, മൊബൈൽ ചാർജിംഗ് പോയിൻറ്, CCTV എന്നിവ ഒരുക്കി നഗരത്തിലെത്തുന്നവർക്ക് മാനസിക ഉല്ലാസത്തിനായി പുതിയൊരിടം സമ്മാനിച്ചിരിക്കുകയാണ് നഗരസഭ.



ഹരിതകേരളം മിഷന്റെ നിരന്തരമായ ഇടപെടൽ സിവിൽസ്റ്റേഷനെ ഹരിത സിവിൽ സ്റ്റേഷൻ പൂർണതയിലേക്ക് എത്താൻ സഹായിച്ചു. ജനം സ്ഥിരമായി ഇടപഴകുന്ന ഇത്തരം ഓഫീസുകളെ മാതൃക ഹരിത ഓഫീസുകളാക്കി മാറ്റിയതിലൂടെ പൊതുജനങ്ങളിൽ ശുചിത്വ ബോധം എത്തിക്കാൻ സാധിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കൊയിലാണ്ടി നഗരസഭയും സിവിൽ സ്റ്റേഷനും കൈ കോർത്തപ്പോൾ ഹരിത പാഠത്തിന്റെ മറ്റൊരു അധ്യായം കൂടി ചേർത്തുവയ്ക്കുകയാണുണ്ടായത്.

# കണ്ണപുരത്തിന്റെ ഹരിത സംരംഭം ശ്രദ്ധേയം



കേവലം അജൈവ മാലിന്യ ശേഖരണത്തിൽ ഒതുങ്ങേണ്ട വരല്ല ഹരിത കർമസേനാ അംഗങ്ങൾ. മറിച്ച് വിവിധങ്ങളായ സംരംഭങ്ങൾ കൂടി ആരംഭിച്ചു സ്വയം പര്യാപ്തത കൈവരിക്കേണ്ടതുണ്ട് എന്നതിന്റെ ഉദാഹരണമായി മാറുകയാണ് കണ്ണൂർ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേന. കണ്ണപുരം ഗ്രാമപഞ്ചായത്ത് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗ മായി ഹരിത കർമസേനയുടെ ഏഴ് ഹരിത സംരംഭങ്ങളുടെ ഉദ്ഘാടനം കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി. ഷാജിർ ഉദ്ഘാടനം ചെയ്തു. കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. രതി അധ്യക്ഷത വഹിച്ചു. പാഴ്ത്തുണി കൊണ്ടുള്ള പൂച്ചട്ടി,LED ബൾബ് റിപ്പയർ യൂണിറ്റ്, ഇനോക്കുലം, ചകിരി കമ്പോസ്റ്റ് യൂണിറ്റ്, ഡിഷ് വാഷ് യൂണിറ്റ്, ക്ലീനിങ് യൂണിറ്റ് എന്നിവയ്ക്ക് പുറമെ ഹരിതമാംഗല്യം - കല്യാണ വീടുകളിലും ചടങ്ങുകളിലും പൊതു പരിപാടികളിലും പ്ലാസ്റ്റിക് / ഡിസ്പോസിബിൾ രഹിത ബദൽ ഉത്പന്നങ്ങൾ വാടകയ്ക്ക് നൽകൽ എന്നിവയും കണ്ണപുരത്തെ ഹരിത കർമസേനയുടെ സംരഭത്തിൽ വിജയ കരമായി പ്രവർത്തിക്കുന്നവയാണ്.

# കാനാമ്പുഴ : വീണ്ടെടുപ്പിന്റെ മികച്ച മാതൃക

ഒഴുക്ക് നഷ്ടപ്പെട്ട് മാലിന്യവാഹിയായിരുന്നു കണ്ണൂരിലെ കാനാമ്പുഴ. വെള്ളക്കെട്ടും പ്രളയവും പതിവായിരുന്നു. പുഴയൊഴുകിയിരുന്നതിനു സമീപത്തെ കിണറുകളിൽപ്പോലും മലിനജലം നിറയുന്ന അവസ്ഥ. കണ്ണൂർ നഗരത്തിന്റെ സമീപ പ്രദേശമായ അയ്യപ്പൻ മലയിൽ നിന്നും ഉത്ഭവിച്ച്, നഗരത്തിലൂടെയും സമീപത്തെ കാർഷിക മേഖലയിലൂടെയും 10 കിലോമീറ്ററോളം ഒഴുകി, നഗരത്തിനു സമീപത്തുതന്നെയുള്ള ആദികടലായിയിൽവച്ച് കടലിൽ ചേരുന്ന ചെറിയ പുഴയാണ് കാനാമ്പുഴ.

ഈ മാലിന്യപ്പുഴ നാടിന്റെതന്നെ നാശത്തിന് കാരണമാകും എന്നു തിരിച്ചറിഞ്ഞ ഇന്നാട്ടുകാരും, അവരെ നയിക്കുന്നവരും നിലനിൽപ്പിനുവേണ്ടിയുള്ള ജനകീയ പോരാട്ടത്തിനു തയാറായി. 2017 ലാണ് കാനാമ്പുഴയെ വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലസേചനം, കൃഷി, മണ്ണ്-ജലസംരക്ഷണം, മൃഗ സംരക്ഷണം തുടങ്ങി വിവിധ വകുപ്പുകൾ കാനാമ്പുഴക്കുവേണ്ടി കൈകോർത്തു.

നാടിന്റെ നട്ടെല്ലായ പുഴയെ വീണ്ടെടുക്കുമെന്ന് ഉറച്ച തീരുമാനത്തോടെ സർവ്വസന്നാഹങ്ങളുമായി അയ്യായിരത്തിലേറെ പേർ മാലിന്യം നിറഞ്ഞ പുഴയിലേക്കിറങ്ങി. അന്നത്തെ ധനമന്ത്രി തോമസ് ഐസക് ശുചീകരണ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ജനകീയ ശുചീകരണത്തിലൂടെ മാലിന്യങ്ങൾ പൂർണമായും നീക്കി പുഴയിലെ നീരൊഴുക്ക് പുനസ്ഥാപിച്ചു.

പ്രവർത്തനങ്ങൾ അവിടം കൊണ്ട് അവസാനിച്ചില്ല. കാനാമ്പുഴയുടെ ഉത്ഭവസ്ഥാനമായ അയ്യപ്പൻമലയുടെ സംരക്ഷണം, നദീതടത്തിലെ കാർഷിക മേഖലയുടെ വീണ്ടെടുപ്പ്, നഗര പരിധിക്കുള്ളില ഡ്രഡ്ജിങ്ങിലൂടെ കാനാമ്പുഴയെ മാലിന്യമുക്തമാക്കൽ, ടൂറിസം പ്രവർത്തനങ്ങൾ എന്നിങ്ങനെ നിരവധി തുടർ പ്രവർത്തനങ്ങൾക്കും സാക്ഷ്യം വഹിച്ചു.

ഇന്ന് കണ്ണൂർ നഗരത്തിനോടു ചേർന്നു കിടക്കുന്ന കാപ്പാട്-പെരിങ്ങളായി പാടശേഖരത്തിലൂടെ ഒഴുകുന്ന കാനാമ്പുഴയുടെ കാഴ്ച മനോഹരമാണ്. ഈ പാടശേഖരത്തിലൂടെ ഏകദേശം 4 കിലോമീറ്ററോളം ദൂരം പുഴയൊഴുകുന്നുണ്ട്. ഈ നാട്ടുകാർ അവരുടെ ഊർജസ്വലമായ പ്രഭാതങ്ങളും മനോഹരമായ സായാഹ്നങ്ങളും ചെലവഴിക്കുന്നത് ഇവിടെയാണ്. വ്യായാമത്തിനും വിശ്രമത്തിനുമെല്ലാമായി ദൂരസ്ഥലങ്ങളിൽനിന്നുപോലും ഇവിടേക്ക് സഞ്ചാരികളെത്തിച്ചേരുന്നു. കല്ലുപാകിയ നടപ്പാതയും, കയർ ഭൂവസ്ത്രം വിരിച്ചു ഭംഗിയാക്കിയ പുഴയോരവുമെല്ലാം ഇവിടേക്ക് സഞ്ചാരികളെ ആകർഷിക്കുന്നു. ജില്ലയിലെ തന്നെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായി മാറിക്കഴിഞ്ഞു ഈ പ്രദേശം.



# മാതൃക എംസിഎഫ്

## ഒരു ഷൊർണ്ണൂർ വിജയഗാഥ

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയിൽ പ്രതിദിനം 12.84 ടൺ ജൈവ മാലിന്യവും, 4.12 ടൺ അജൈവ മാലിന്യവുമാണ് രൂപപ്പെടുന്നത്. ഇതിൽ പ്രതിദിനം 2 ടൺ അജൈവ മാലിന്യവും, 0.75 ടൺ ജൈവമാലിന്യവും നഗരസഭയുടെ എം.സി.എഫ്-ആർ.ആർ.എഫിൽ എത്തിച്ചു സംസ്കരിക്കുന്നു. ഹരിത കർമസേന വഴിയാണ് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്. 66 ഹരിത കർമസേന അംഗങ്ങൾ മുഖേന 12,000 വീടുകളിൽ നിന്നും, 1,700 സ്ഥാപനങ്ങളിൽ നിന്നുമായിട്ടാണ് പ്രതിദിനം ശരാശരി 2,000 കിലോഗ്രാം മാലിന്യം നഗരസഭ ശേഖരിക്കുന്നത്. നഗരസഭയിലെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയിലാണ് ഇ-മാലിന്യം നിലവിൽ സംസ്കരിക്കുന്നത്. പുനരുപയോഗക്ഷമത അനുസരിച്ച് തരംതിരിച്ച അജൈവ മാലിന്യം പുനഃചക്രമണത്തിന് കൈമാറുന്നു.

നഗരസഭയുടെ ശുചീകരണ തൊഴിലാളികൾ മുഖേനയാണ് ജൈവ മാലിന്യം ശേഖരിക്കുന്നത്. മാർക്കറ്റുകളിൽ നിന്നും



ഹോട്ടലുകളിൽ നിന്നും സാനിറ്റേഷൻ ജീവനക്കാർ മുഖേന ശേഖരിക്കുന്ന ഏകദേശം 0.75 TPD (Tons Per Day) ജൈവ മാലിന്യം സംസ്കരണ കേന്ദ്രത്തിൽ കൊണ്ടുവന്ന് ക്രെഡായ് ബിന്നുകളിൽ സംസ്കരിച്ചു വളമാക്കി മാറ്റുന്നു. പ്രതിദിനം 3 ടൺ ശേഷിയുള്ളതും 6,000 ചതുരശ്ര അടി വിസ്തീർണമുള്ള എം.സി.എഫ്. ഒരു മാതൃകാ സൗകര്യമായി ഉയർത്തുന്നതിന്റെ ഭാഗമായി വിവിധ നവീകരണ പ്രവർത്തനങ്ങളാണ് നഗരസഭ നടപ്പിലാക്കിയത്.

മാലിന്യ സംസ്കരണ രീതികൾ പൊതു ജനങ്ങളിൽ എത്തിക്കുന്നതിനും, പുനഃചംക്രമണത്തെ കൂടുതൽ പ്രചരിപ്പിക്കുന്നതിനും വിവിധ പൊതു സ്ഥലങ്ങളിൽ നഗരസഭ 50 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുകയും ചെയ്തു.



## കാസർഗോഡ് ജില്ലയിൽ 771 പച്ചത്തുരുത്തുകൾ

കാസർഗോഡ് ജില്ലയിൽ 21794 സെന്റ് വിസ്തൃതിയിൽ 771 പച്ചത്തുരുത്തുകൾ പരിപാലിച്ചു വരുന്നു. സാമൂഹ്യ വനവൽക്കരണ വകുപ്പ്, ജൈവവൈവിധ്യ ബോർഡ്, ആയുഷ് തുടങ്ങിയ ഏജൻസികൾ മാതൃകാപരമായി ഇടപെടുന്നു.

തൊണ്ണൂറായിരത്തോളം വൈവിധ്യമാർന്ന ചെടികൾ ഇവിടെ വളരുന്നു. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നാലിലാംകണ്ടം ഗവ. യു.പി. സ്കൂളിൽ പരിപാലിക്കുന്ന ജൈവവൈവിധ്യ ഉദ്യാനം മാതൃകാപരമാണ്. ഗവ. കോളേജ് കാസർഗോഡ്, നെഹ്റു കോളേജ് പടന്നക്കാട് എന്നിവിടങ്ങളിലും നൂറോളം സർക്കാർ വിദ്യാലയങ്ങളിലേയും പച്ചത്തുരുത്തുകൾ ജൈവവൈവിധ്യ സമ്പന്നമാണ്. ലോക വനദിനത്തിൽ കണ്ടൽ തുരുത്തുകളുടെയും, പച്ചത്തുരുത്തുകളുടെയും പരിപാലനത്തിന് ഹരിതകേരളം മിഷൻ പ്രത്യേക കർമപരിപാടികൾ നിർദ്ദേശിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഏറ്റവും അധികം പച്ചത്തുരുത്തുകളുള്ള ഗ്രാമപഞ്ചായത്തിന് നൽകിയ അനുമോദനം മുഖ്യമന്ത്രിയിൽ നിന്ന് മടിക്കൈ ഗ്രാമപഞ്ചായത്ത് ഏറ്റുവാങ്ങി. ഏറ്റവും വിസ്തൃതിയുള്ള പച്ചത്തുരുത്തിനുള്ള അവാർഡ് കക്കാട്ട് പച്ചത്തുരുത്ത് പരിപാലന സമിതിക്ക് ലഭിച്ചു.

## കൂരുമല ഇനി ഹരിത ടൂറിസ്റ്റ് കേന്ദ്രം

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ കൂരുമല ടൂറിസം ഹരിത ടൂറിസം ആയി ജില്ലാ കളക്ടർ ഉമേഷ് എൻ എസ് കെ IAS പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രീതി അനിലിന്റെ അധ്യക്ഷതയിൽ കൂരുമല ടൂറിസം പോയിന്റിൽ ചേർന്ന യോഗത്തിലാണ് ജില്ലാ കലക്ടർ ഹരിത ടൂറിസം കേന്ദ്രമായി കൂരുമലയെ പ്രഖ്യാപിച്ചത്. കേരളം ഒട്ടാകെ മാലിന്യ വിമുക്തമാക്കുന്നതിനായി, വിപുലമായ പ്രവർത്തനങ്ങൾ ആണ് നടന്നു വരുന്നതെന്ന് കളക്ടർ പറഞ്ഞു. ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് കൂരിമല ടൂറിസത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ഡിടിപിസിയുടെ എല്ലാവിധ പിന്തുണയും ഉണ്ടാകുമെന്നും കളക്ടർ അറിയിച്ചു. ടൂറിസം പോയിന്റ് പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ശുചിയായി സൂക്ഷിക്കുന്നതിനും പൊതുജനങ്ങളുടെ സഹകരണം ഉണ്ടാവണമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പ്രീതി അനിൽ അഭ്യർത്ഥിച്ചു.



# ഇല്ലിക്കൽ കല്ലിനെ

## ഹരിതം ടൂറിസം കേന്ദ്രമാക്കും

കോട്ടയം ജില്ലയിലെ ഇല്ലിക്കൽ മലയുടെ മുകളിൽ സ്ഥിതി ചെയ്യുന്ന ഏകശിലയാണ് ഇല്ലിക്കൽ കല്ല്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 3500 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇല്ലിക്കൽ കല്ല് തലനാട് ഗ്രാമപഞ്ചായത്തിലെ ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമാണ്. പാറയുടെ ഒരു പകുതി അടർന്നുവീണതിനാൽ യഥാർത്ഥ പാറയുടെ ഒരു പകുതി മാത്രമേ അവശേഷിക്കുന്നുള്ളൂ. ഈ കൊടുമുടിയിൽ നിന്ന് ഉത്ഭവിച്ച് താഴേക്ക് ഒഴുകി മീനച്ചിൽ നദി രൂപപ്പെടുന്നു . കൊടുമുടിയുടെ നെറുകയിലെത്താൻ വിനോദസഞ്ചാരികൾ 1 കിലോമീറ്റർ ദൂരം നടക്കണം. ഇല്ലിക്കൽ മല മൂന്ന് കുന്നുകൾ ഉൾക്കൊള്ളുന്നു. ഓരോന്നും സമുദ്രനിരപ്പിൽ നിന്ന് 4,000 അടി വരെ ഉയരത്തിൽ ഉയരുന്നു. ഓരോ കുന്നിനും ഒരു പ്രത്യേക ആകൃതിയുണ്ട്. ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിയ്ക്കുക, മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പിലാക്കുക, വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുക, കുട്ടികൾക്കായി പാർക്ക് നിർമ്മിയ്ക്കുക, പ്രദേശവാസികൾക്ക് തൊഴിൽ ലഭിയ്ക്കുക എന്നിവയാണ് ഹരിത ടൂറിസം പദ്ധതിയിലൂടെ തലനാട് പഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിരിയ്ക്കുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനമായിട്ട് തലനാട് പഞ്ചായത്ത് ടൂറിസം കേന്ദ്രത്തിൽ കുന്ന് കൂടി കിടന്ന ടൺ കണക്കിന് വരുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുകയും ഇല്ലിക്കകല്ലിൽ മാലിന്യങ്ങൾ നിക്ഷേപിയ്ക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിയ്ക്കുകയും ചെയ്തു.



## മാതൃകയാക്കാം ഈ പൊതു കിണർ

തൃശൂർ പുഴയ്ക്കൽ ബ്ലോക്കിലുള്ള കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലുള്ള പൊതു കിണറും പരിസരവും ശുചീകരിച്ച് സൗന്ദര്യവൽക്കരണം നടത്തിയത് ശ്രദ്ധേയമായ മാതൃകയാകുകയാണ്. പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ഉഷ ടീച്ചറുടെ നേതൃത്വത്തിലാണ് ഈ




പ്രവർത്തനം പൂർത്തികരിച്ചത്. കിണർ നവീകരിച്ചും, പൂച്ചെടികൾ കൊണ്ട് സൗന്ദര്യവൽക്കരിച്ചും കിണർ പരിസരം മനോഹരമാക്കി. മാലിന്യമുക്ത നവകേരളം എന്ന ആശയത്തിലൂന്നിക്കൊണ്ട്, പൊതുകിണറുകളിലേക്ക് മാലിന്യം വീഴുന്നതു തടയുന്നതിനായി ഗ്രിൽ സ്ഥാപിച്ചു. കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ആദ്യ മാലിന്യമുക്ത വാർഡായി പ്രഖ്യാപിച്ചതും പത്താം വാർഡാണ്. പ്രായഭേദമന്യേ കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ ഒഴിവുസമയങ്ങൾ ചെലവഴിക്കാൻ ഇവിടെ എത്തിച്ചേരാറുണ്ട്.

## പാലക്കാട് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നീർച്ചാലുകളുടെയും ജലസ്രോതസ്സുകളുടെയും വീണ്ടെടുപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെ ഹരിത കേരളം മിഷൻ നടപ്പിലാക്കുന്ന ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ടം ജനകീയ ക്യാമ്പയിൻ പ്രവർത്തനം പാലക്കാട് ജില്ലയിൽ 62 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്നു. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 99.78 കി.മീ. നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിക്കപ്പെട്ടു. 2024 ഡിസംബർ 15 നു 'ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ടം" ക്യാമ്പയിൻ സംസ്ഥാന തല ഉദ്ഘാടനം തൃത്താല ഗ്രാമപഞ്ചായത്തിലെ കണ്ണന്നൂർ തോട് പരിസരത്ത് വെച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവഹിച്ചിരുന്നു.



# അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ഹരിതപ്രഖ്യാപനങ്ങൾ



തിരുവനന്തപുരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ, സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹരിത കലാലയം, ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം തുടങ്ങിയവയുടെ സമ്പൂർണ്ണ ഹരിത പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നെടുങ്ങണ്ട ശ്രീനാരായണ ബി.എഡ്. ട്രെയിനിങ് കോളേജ് ഓഡിറ്റോറിയത്തിൽ നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ. സീമ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വി. ലൈജു അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഫ്ലോറൻസ് ജോൺസൺ, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ ആർ.സുഭാഷ്, കോളേജ് പ്രിൻസിപ്പൽ ഡോ. ഷീബ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## മുത്തങ്ങ ഇക്കോ ടൂറിസം ഹരിത ടൂറിസം കേന്ദ്രമായി

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വയനാട് നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മുത്തങ്ങ ഇക്കോ ടൂറിസം കേന്ദ്രം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ടൂറിസം കേന്ദ്രത്തിൽ നടന്നു. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീജ സതീഷ് മുത്തങ്ങ എക്കോ ടൂറിസം വിനോദ സഞ്ചാര കേന്ദ്ര റേഞ്ച് ഓഫീസർ സഞ്ജയ്ക്ക് സർട്ടിഫിക്കറ്റ് കൈമാറി.



## ഹരിത ഗ്രന്ഥാലയം വയനാട് ജില്ലാതല പ്രഖ്യാപനം

വയനാട് ജില്ലാ ലൈബ്രറി കൗൺസിലും ഹരിതകേരളം മിഷനും സംയുക്തമായി നടത്തുന്ന ഹരിത ഗ്രന്ഥാലയം ക്യാമ്പയിനിന്റെ ജില്ലാതല പ്രഖ്യാപനം ചൂട്ടക്കടവ് ഇ.എം.എസ്. ഗ്രന്ഥശാലയിൽ നടന്നു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി പ്രഖ്യാപനം നിർവഹിച്ചു. ഹരിതകേരളം മിഷൻ സാക്ഷ്യപത്രം ഗ്രന്ഥശാലയ്ക്ക് കൈമാറി. മാനന്തവാടി നഗരസഭ ചെയർപേഴ്സൺ സി.കെ. രത്നവല്ലി അധ്യക്ഷത വഹിച്ചു. ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു ക്യാമ്പയിൻ വിശദീകരണം നടത്തി. സംസ്ഥാനത്തെ എല്ലാ വായനശാലകളെയും സമ്പൂർണ്ണ മാലിന്യമുക്ത ഇടങ്ങളായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യവുമായാണ് ഹരിത ഗ്രന്ഥാലയം ക്യാമ്പയിനിന് രൂപം നല്കിയിട്ടുള്ളത്.

## ഹരിതാഭമാകും കോട്ടയം ജില്ലയിലെ ഗ്രന്ഥശാലകൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ 376 ലൈബ്രറി ഹരിതാഭമാക്കാൻ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നു. ഗ്രന്ഥശാല പ്രവർത്തനത്തിൽ ഹരിത പ്രോട്ടോക്കോൾ നടപ്പാക്കൽ, പ്രാദേശികമായി നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ, ബോധവൽക്കരണം എന്നിവയുമുണ്ടാകും. ഗ്രന്ഥശാല പ്രവർത്തകരുടെ വീടുകളിൽ മാലിന്യത്തിന്റെ അളവ് കുറച്ച് തരംതിരിക്കൽ, സംസ്കരിക്കൽ, ഹരിതചട്ടം പാലിക്കൽ തുടങ്ങിയവ നടപ്പാക്കി ശുചിത്വ ഭവനങ്ങളാക്കും. പച്ചക്കറിക്കൃഷിയും നടത്തും. ജലം, വൈദ്യുതി എന്നിവയുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള പ്രവർത്തനവും നടത്തും. ഹരിതഊർജം സാധ്യതയും പ്രയോജനപ്പെടുത്തുമെന്നും മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. ഐസക് പറഞ്ഞു.

## ബാണാസുരസാഗർ ഡാം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വയനാട് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ബാണാസുരസാഗർ ഡാം ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും സർട്ടിഫിക്കറ്റു വിതരണവും ടൂറിസം കേന്ദ്രത്തിൽ നടത്തി. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ബാലൻ കെഎസ്ഇബി എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃഷ്ണകുമാർ, ബാണാസുര ഹൈഡൽ ടൂറിസം മാനേജർ അർഷാദ് എന്നിവർക്ക് കൈമാറി.

## ഗ്രീനാകാൻ ഒരുങ്ങി എറണാകുളം ജില്ലാ ഭരണസിരാകേന്ദ്രം

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഗ്രീനാകാൻ ഒരുങ്ങുകയാണ് എറണാകുളം ജില്ലാ ഭരണ സിരാകേന്ദ്രം. ആറു നിലകളിലായി 76 ഓഫീസുകളാണ് ഇവിടെ സ്ഥിതി ചെയ്യുന്നത്. മെഗാ ക്ലീൻ ഡ്രൈവിന്റെ ഭാഗമായി 20 ടൺ അജൈവ പാഴ് വസ്തുക്കളാണ് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയത്. ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ,



കുടുംബശ്രീ മിഷൻ എന്നീ മിഷനുകളുടെ പരിശോധന പൂർത്തീകരിച്ച് ഗ്രീൻ സിവിൽ സ്റ്റേഷനായി പ്രഖ്യാപിക്കും. പൊതു ജനങ്ങൾ വരുന്ന സ്ഥലം ആയതുകൊണ്ട് കൃത്യമായ ബിൻ സംവിധാനം ഒരുക്കൽ, പൊതു ശുചിത്വം ഉറപ്പിക്കുന്നതിനായി നോഡൽ ഓഫീസർമാർക്ക് പ്രത്യേക ചുമതല, എല്ലാ മാസവും ക്ലീൻ കേരള കമ്പനി വഴി അജൈവ പാഴ് വസ്തു ശേഖരണം എന്നിവ ഉറപ്പാക്കും. വിവിധ സ്ഥലങ്ങളിൽ നിർദേശക ബോർഡുകളും സ്ഥാപിക്കും. നിർദേശങ്ങൾ ലംഘിച്ചാൽ കനത്ത പിഴ ഈടാക്കുമെന്നും കളക്ടറ്റിൽ നിന്നും അറിയിച്ചു. ജില്ലാ കളക്ടർക്കൊപ്പം ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ തുടങ്ങി വിവിധ വകുപ്പുകളിലെ ജീവനക്കാർ, കളമശ്ശേരി വനിത പോളിടെക്നിക്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, ഭാരത് മാതാ കോളേജ്, കെ.എം.എം. കോളേജ് എന്നിവടങ്ങളിൽ നിന്നുള്ള എൻ.എൻ.എസ്. വോളന്റിയർമാർ, വിവിധ സർവീസ് സംഘടന പ്രതിനിധികൾ, തൃക്കാക്കര മുൻസിപാലിറ്റിയിലെ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ശുചീകരണ തൊഴിലാളികൾ എന്നിവരുടെ നേതൃത്വത്തിലാണ് ശുചീകരണ യജ്ഞം പൂർത്തീകരിച്ചത്.

## മുളയിൽ ഇരിപ്പിടം തീർത്ത് ഹരിത കർമസേന

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നിരവധി വിനോദ സഞ്ചാരികൾ എത്തി ചേരുന്ന കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പകൽ വീടിനോട് ചേർന്ന് തിടനാട് പഞ്ചായത്തിലെ ഹരിത കർമസേന അംഗങ്ങൾ മുള ഉപയോഗിച്ച് ഇരിപ്പിടം തയ്യാറാക്കുകയും സൗന്ദര്യവത്ക്കരണത്തിന്റെ ഭാഗമായി ചെടികൾ നട്ട് വെച്ച് സ്നേഹാരാമം നിർമ്മിയ്ക്കുകയും ചെയ്തു.



## കുട്ടി കൗതുകം ഉണർത്തി 32,360 ബസ് ടിക്കറ്റുകൾ

കണ്ണൂർ മയ്യിൽ ഗ്രാമപഞ്ചായത്തിലെ മുല്ലക്കൊടി എ.യു.പി. സ്കൂളിലെ കുട്ടികൾ ശേഖരിച്ച 32,360 എണ്ണം ബസ് ടിക്കറ്റുകൾ സംസ്കരണത്തിനായ് ഏജൻസിക്ക് കൈമാറാനായി ഹരിതകേരളം മിഷന് കൈമാറി. സ്കൂളിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.വി. അജിത ടിക്കറ്റുകൾ ഏറ്റു വാങ്ങി ഹരിതകേരളം മിഷനെ ഏല്പിച്ചു. ചടങ്ങിൽ ഹെഡ്മാസ്റ്റർ സി. സുധീർ സ്വാഗതം പറഞ്ഞു. പഞ്ചായത്ത് അംഗം എം. അസൈനാർ അധ്യക്ഷത



വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ ഇ.കെ. സോമശേഖരൻ മുഖ്യാതിഥിയായിരുന്നു.

സംസ്ഥാനത്ത് ഇതാദ്യമായാണ് ബസ് ടിക്കറ്റുകൾ ശേഖരിച്ച് കൈമാറുന്നത്. കഴിയാവുന്നിടത്തു നിന്നെല്ലാം കുട്ടികൾ ടിക്കറ്റുകൾ ശേഖരിച്ചു. ഒറ്റത്തവണ ഉപയോഗത്തിന് ശേഷം വലിച്ചെറിയുന്നവയിൽ പ്രധാനമാണ് ഇപ്പോൾ ബസ് ടിക്കറ്റ്. കളയുന്ന ഒരു കടലാസ് കഷണം പോലും മരങ്ങളെ കാക്കുന്നവിധം പുനരുപയോഗത്തിനുതകും എന്നാണ് ഇത് നൽകുന്ന സന്ദേശം.

## പിലിക്കോട് എല്ലാ വിദ്യാലയങ്ങളും ഇനി ഹരിതവിദ്യാലയം



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ പിലിക്കോട് പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും ഹരിതവിദ്യാലയങ്ങളായി പ്രഖ്യാപിച്ചു. ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ, അജൈവ മാലിന്യ ശേഖരണത്തിന് ബിന്നുകൾ സ്ഥാപിക്കൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ, ഹരിതനിയമങ്ങൾ പാലിക്കൽ, ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിങ്ങനെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയത്. മുഴുവൻ വിദ്യാലയങ്ങളും A+, A ഗ്രേഡ് നേടിയ സാഹചര്യത്തിലാണ് ബ്ലോക്ക് തല ഹരിത വിദ്യാലയം പ്രഖ്യാപനം നടത്തുന്നത്. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. കൃഷ്ണൻ അധ്യക്ഷത വഹിച്ചു.




# ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ കണ്ടൽ പച്ചത്തുരുത്ത് വ്യാപന പ്രവർത്തനങ്ങൾ

ആലപ്പുഴ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത ടൂറിസം കേന്ദ്രമായി തണ്ണീർവനം. കേരള വനം വകുപ്പ് സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിന്റെ സഹായത്താൽ ലഭ്യമായ കണ്ടൽ ചെടികൾ, അഞ്ച് കുളങ്ങൾക്ക് ചുറ്റുമായി വച്ചുപിടിപ്പിച്ചു. നിലവിൽ ഇവിടെ പതിനായിരത്തിലേറെ കണ്ടൽ ചെടികളുണ്ട്. 8 ഇനം കണ്ടൽച്ചെടികളാണ് നിലവിലുള്ളത്. 14 ഇനം കണ്ടൽച്ചെടികൾ കൂടി വച്ചുപിടിപ്പിക്കുന്ന ശ്രമത്തിലാണ്. തണ്ണീർത്തടങ്ങളുടെ സംരക്ഷണം കണ്ടൽ കാടുകൾ വച്ചു പിടിപ്പിച്ച് എങ്ങനെ സാധ്യമാക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് തണ്ണീർവനം. ഹരിത ടൂറിസത്തിനു മികച്ച മാതൃക ആക്കാവുന്നതും തദേശ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതുമായ തണ്ണീർവനം ഭാവിയിൽ പരിസ്ഥിതിക്ക് ഒരു മുതൽകൂട്ടാക്കാവുന്നതാണ്. മത്സ്യങ്ങളുടെ കാഴ്ചയും ചരിത്ര സ്മാരകങ്ങളും കടലും കായലും കണ്ടു മനം നിറയാനെത്തുന്ന സന്ദർശകർക്കായി 3 പെഡസ്ട്രൽ ബോട്ടുകൾ വാങ്ങുന്നതിനും അനുയോജ്യമായ 14 ഇനം കണ്ടൽ സസ്യങ്ങൾ പുതുതായി വച്ചുപിടിപ്പിക്കുന്നതിനും നാടിനു മാതൃകയായി ഹരിത ടൂറിസ്റ്റ് കേന്ദ്രം എന്ന ഖ്യാതി നേടുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

## മുഴക്കുന്നിൽ തലയുയർത്തി 136 ഏക്കർ പച്ചത്തുരുത്ത്

പശ്ചിമഘട്ട സാനുക്കളിൽ നിന്ന് ഉദ്ഭവിച്ച് ഒഴുകുന്ന ബാവലിപ്പുഴയും ചീങ്കണ്ണിപ്പുഴയും മറ്റു ചെറിയ നദികളും കൂടിച്ചേർന്ന് കിഴക്ക് അതിരു പങ്കിടുന്ന പഞ്ചായത്താണ് മുഴക്കുന്ന് പഞ്ചായത്ത്. ബാവലിപ്പുഴയുടെയും കാഞ്ഞിരപ്പുഴയുടെയും സംഗമ സ്ഥാനം മുതൽ ഇരിട്ടി നഗരസഭ അതിരു പങ്കിടുന്ന പായംകടവ് വരെ 136 ഏക്കർ വ്യാപിച്ചു കിടക്കുന്ന ജൈവവൈവിധ്യങ്ങളുടെ കലവറയാണ് മുഴക്കുന്ന് - 136 ഏക്കർ പച്ചത്തുരുത്ത്. സംസ്ഥാനത്തെ ഏറ്റവും കൂടുതൽ വിസ്തൃതിയിലുള്ള പച്ചത്തുരുത്ത് എന്ന് സവിശേഷതയും മുഴക്കുന്നിനു സ്വന്തം.

പഞ്ചായത്തിലെ അയ്യപ്പൻകാവ് എന്ന സ്ഥലത്ത് ആദ്യ ഘട്ടത്തിൽ ഏഴ് ഏക്കർ ഭൂമിയിൽ ഹരിതകേരളം മിഷന്റെ ഉപദേശ നിർദേശങ്ങളോടെ 2020 നവംബർ 05 ന് പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടന വേളയിൽ പുഴക്കിണങ്ങിയ 2300 മരങ്ങൾ നട്ടുപിടിപ്പിച്ചു. പിന്നീട് 136 ഏക്കർ വിസ്തൃതിയിൽ പച്ചത്തുരുത്ത് വിപുലീകരിച്ചു. 190 ഇനങ്ങളിലായി 27200 മരങ്ങളും, 9520 കുറ്റിചെടികളും, 5440 വള്ളികളും ഇവിടെ സമൃദ്ധമായി വളരുന്നു. പശ്ചിമഘട്ടത്തിൽ മാത്രം കണ്ടുവരുന്നതും അപൂർവമായതുമായ വെള്ളപ്പയിൻ, മോതിരക്കാഞ്ഞിരം, കാശാവ്, നീർമാതളം, ഇരുമുള്ളി, വാതംകൊല്ലി മരം, നീർക്കുരുണ്ട, ചെറുപുന്ന, ചേടാരം, ചീറ് വള്ളി, വള്ളി മന്ദാരം, പൂമാലക്കുറിഞ്ഞി, മരച്ചെക്കി, കീഴ്ക്കൊലച്ചെക്കി, ആറ്റുകടമ്പ്, കടമ്പ്, മരോട്ടി, കാട്ടശോകം, നായുരിപ്പ്, ഉരിപ്പ്, നീർമരുത്, പേര, താന്നി, ഞാവൽ, മണിമരുത്, കുളിർമാവ്, ചേറ്, എടന, ഉപ്പില, അശോകം, വെള്ളപ്പൈൻ, പാറകം, ആഞ്ഞിലി പ്ലാവ്, കണിക്കൊന്ന, അത്തി, നീർമാതളം, മുരിങ്ങ, നെല്ലി, വേപ്പ്, ഉങ്ങ്, ദന്തപ്പാല, കരിങ്ങോട്ട, കൊമ്പിൽ തുടങ്ങിയ സസ്യ വൈവിധ്യങ്ങൾ ഇവിടെയുണ്ട്.

സോഷ്യൽ ഫോറസ്ട്രി, സ്വാമിനാഥൻ ഫൗണ്ടേഷൻ വയനാട്, തൊഴിലുറപ്പ് പദ്ധതി, പരിസ്ഥിതി പ്രവർത്തകർ, കേരള ഗ്രാമീൺ ബാങ്ക് മാനേജർ വിനയരാജ് സി.എം., അബ്ദുൾ ഗഫൂർ മാസ്റ്റർ, ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന Nood Earth ന്റെ അമരക്കാരൻ സ്റ്റാൻലി ജോർജ്ജ് തുടങ്ങിയവരുടെ സഹായം പ്രവർത്തനങ്ങളിൽ ലഭിച്ചിട്ടുണ്ട്.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. www.haritham.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246